# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ഡിസംബർ 11 | ദീപം 58 | നാളം 40 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# നൈജീരിയയിലെ ഈ ചോരപ്പുഴകൾ എന്തേ നിങ്ങൾ കാണുന്നില്ല?




അഡ്വ. വി. സി. സെബാസ്റ്റ്യൻ


ദക്ഷിണാഫ്രിക്കയുടെ ആതിഥേയത്വത്തിൽ ജി20 ഉച്ചകോടി ജോഹന്നാസ്ബർഗിൽ സമ്മേളിക്കുന്നതിന്റെ തലേന്നാണ് മറ്റൊരു ആഫ്രിക്കൻ രാജ്യമായ നൈജീരിയയിലെ സെന്റ് മേരീസ് കാത്തലിക് സ്കൂളിൽ നിന്ന് ഭീകരർ അധ്യാപകരും കുട്ടികളുമുൾപ്പെടെ 315 പേരെ തട്ടിക്കൊണ്ടുപോയി ബന്ദികളാക്കിയത്. 50 വിദ്യാർഥികൾ രക്ഷപ്പെട്ട് വീടുകളിലെത്തിയെങ്കിലും 253 വിദ്യാർഥികളും 12 അധ്യാപകരും ഭീകരരുടെ തടങ്കലിലായി. നൈജർ സംസ്ഥാനത്തെ പാപിരിയിൽ 629 കുട്ടികൾ പഠിക്കുന്ന സെന്റ് മേരീസ് ബോർഡിങ് സ്കൂളിലാണ് 2025 നവംബർ 21 വെള്ളിയാഴ്ച ഈ ക്രൂരത നടന്നത്. മോചനദ്രവ്യം ആവശ്യപ്പെട്ട് ഭീകരസംഘടനകൾ നടത്തുന്ന ഇത്തരം കിരാതപ്രവർത്തനങ്ങൾ പലപ്പോഴും കൂട്ടക്കൊലപാതകങ്ങൾക്ക് മുൻകാലങ്ങളിൽ ഇടയാക്കിയിട്ടുണ്ട്. മനുഷ്യജീവനും ജീവിതത്തിനും വെല്ലുവിളിയുയർത്തുന്ന ആഭ്യന്തരസംഘർഷങ്ങളും ഭീകരവാദതാണ്ഡവങ്ങളും അടുത്തനാളുകളിൽ ആഫ്രിക്കൻ രാജ്യങ്ങളിൽ കൂടുതൽ ശക്തമാകുന്നത് ഏറെ ആശങ്കകൾ സൃഷ്ടിക്കുന്നു. ഭീകരവാദപ്രസ്ഥാനങ്ങളുടെ താവളമായി മധ്യപൂർവദേശങ്ങളും ആഫ്രിക്കൻ ഭൂഖണ്ഡവും മാറിയിരിക്കുമ്പോൾ ഏറെ പ്രതിരോധത്തിലും പ്രതിസന്ധിയിലുമായിരിക്കുന്നത് ഇവിടങ്ങളിലെ ക്രൈസ്തവവിശ്വാസികളാണ്.




നൈജീരിയ, സുഡാൻ, ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ, മൊസാംബിക്, ബർക്കിന ഫാസ്സോ, സൊമാലിയ, എരിത്രിയ, കാമറൂൺ, മാലി, മധ്യ ആഫ്രിക്കൻ റിപ്പബ്ലിക് എന്നീ ആഫ്രിക്കൻരാജ്യങ്ങളിൽ സമാനതകളില്ലാത്ത പീഡനവും വിവേചനവുമാണ് ക്രിസ്ത്യാനികൾ നേരിടുന്നത്. നൈജീരിയയിൽ ക്രൈസ്തവരുടെ നിലനില്പ് ഭീഷണി നേരിടുന്നു. ആയിരക്കണക്കിന് ക്രൈസ്തവരെയാണ് ഇസ്ലാംമത ഭീകരസംഘടനകൾ കൊന്നൊടുക്കുന്നത്. ബൊക്കോ ഹറാം, ഫുലാനി മിലിഷ്യകൾ തുടങ്ങിയ ജിഹാദി ഗ്രൂപ്പുകൾ അനുദിനം നടത്തുന്ന അതിക്രൂരമായ ക്രൈസ്തവ വംശഹത്യയ്ക്ക് നൈജീരിയൻ സർക്കാരും പിന്തുണ നൽകുന്നത് വൻവിമർശനവും പ്രതിഷേധവും ഉയർത്തുന്നു.

## ലക്ഷ്യം ക്രൈസ്തവ ഉന്മൂലനം

നൈജീരിയയിലെ ബെന്യു സംസ്ഥാനത്തുമാത്രം ഒറ്റദിവസം മുസ്ലീം ഭീകരസംഘം കൊലചെയ്തത് 200 ൽ പരം ക്രൈസ്തവരെയാണ്. ഒരു വർഷത്തിനിടയിൽ ഇവിടെ മൃഗീയമായി കൊലചെയ്യപ്പെട്ടവർ പതിനായിരങ്ങൾ. ക്രൈസ്തവവിശ്വാസികളാണ് എന്ന ഒറ്റക്കാരണത്താൽ മുസ്ലീം ഭീകരസംഘങ്ങളുടെ കിരാതമായ കൂട്ടക്കൊലകൾക്ക് ഇരകളാകുന്നവർ.

ആഫ്രിക്കൻരാജ്യമായ ബുർക്കിന ഫാസോയിൽ അൽക്വയിദയെന്ന മുസ്ലീം ഭീകരസംഘടന ദിവസംതോറും ക്രൈസ്തവരെ കൊന്നൊടുക്കുന്നു. കോംഗോയിൽ ഇസ്ലാമികസ്റ്റേറ്റിന്റെ ഘടകമായ ഭീകരവാദപ്രസ്ഥാനം കുട്ടികളും സ്ത്രീകളുമുൾപ്പെടെയുള്ള ക്രൈസ്തവരെ തിരഞ്ഞുപിടിച്ചു കൊല്ലുന്നു. അതിക്രൂരമായി ആവർത്തിച്ച് പീഡിപ്പിക്കുന്നു. സൊമാലിയയിൽ അൽ ഷബാബ് എന്ന ഭീകരസംഘടനയുടെ നിഷ്ഠുര ആക്രമത്തിൽ ഒറ്റദിവസം ജീവൻ നഷ്ടപ്പെട്ടത് 100ൽ പരം മനുഷ്യരുടേതാണ്. ഭീകരസംഘങ്ങൾ തട്ടിക്കൊണ്ടുപോയ സ്ത്രീകളുടെയും കുട്ടികളുടെയും കണക്കുകൾ വേറെയുമുണ്ട്. ഈ രാജ്യങ്ങളിലൊക്കെ പതിനായിരക്കണക്കിന് മനുഷ്യർ മുസ്ലീം ഭീകരവാദികളാൽ ദാരുണമായി കൂട്ടക്കൊല ചെയ്യപ്പെടുന്നു. ജനലക്ഷങ്ങൾ ജീവനും ജീവിതവും നിലനിർത്താനായി പലായനം ചെയ്യുന്നു. അതിലേറെപ്പേർ മരണം മുന്നിൽകണ്ട് ജീവിക്കേണ്ട നിസ്സഹായാവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു. എന്നിട്ടും അവർക്കായി ഒരു നിമിഷം പോലും മാറ്റിവയ്ക്കാൻ സാധിക്കാത്തവരുടെ പാലസ്തീൻസ്നേഹത്തിനു പിന്നിൽ ഈ നാടിനെ ലക്ഷ്യം വയ്ക്കുന്ന ഭീകരസംഘങ്ങളുടെ രാഷ്ട്രീയ ഭരണ അജണ്ടകളുണ്ടെന്നുള്ളത് തിരിച്ചറിയാൻ വൈകരുത്. നാം വരും നാളുകളിൽ നേരിടാനിരിക്കുന്ന വലിയ അപകടങ്ങളിലേക്കുള്ള ചൂണ്ടുപലകകളാണ് ആഫ്രിക്കയിൽ നടമാടുന്നത്.

2025 ജൂണിൽ സിറിയൻ തലസ്ഥാനമായ ഡമാസ്കസിലെ സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ ആരാധനമധ്യേ ഇസ്ലാമിക സ്റ്റേറ്റ് ഭീകരർ നടത്തിയ നരനായാട്ടിൽ മരിച്ചുവീണവരെ നാം മറന്നുവോ? അയൽരാജ്യമായ ശ്രീലങ്കയുടെ തലസ്ഥാനമായ കൊളംബോയിലെ കത്തീദ്രലിൽ ഈസ്റ്റർ ദിനത്തിൽ അരങ്ങേറിയ ഭീകരതാണ്ഡവം നൂറിൽ പരം ക്രൈസ്തവവിശ്വാസികളുടെ ജീവനെടുത്തിട്ടും പ്രതികരിക്കാത്തവർ പാലസ്തീനുവേണ്ടി മാത്രമായി കണ്ണീരൊഴുക്കുമ്പോൾ അപാകതയില്ലേ?

ആഭ്യന്തരയുദ്ധം നടക്കുന്ന സുഡാനിൽ, ക്രിസ്ത്യാനികൾ കടുത്ത പീഡനത്തിനും കൂട്ട നരഹത്യയ്ക്കും വിധേയരാകുന്നതായി റിപ്പോർട്ടുകൾ പറയുന്നു. എരിത്രിയപോലുള്ള രാജ്യങ്ങളിൽ ക്രിസ്ത്യൻ ആരാധനയെ സർക്കാർ കർശനമായി നിയന്ത്രിച്ചിരിക്കുന്നു. ആയിരക്കണക്കിന് ക്രിസ്ത്യാനികളെ ജയിലിലടയ്ക്കുകയും അവർക്കു സഹായം ലഭിക്കുന്നത് ബുദ്ധിമുട്ടാക്കുകയും ചെയ്യുന്നതായും റിപ്പോർട്ടു ചെയ്യപ്പെടുന്നു.

ആഫ്രിക്കൻ ഉപദ്വീപിലെ ഇസ്ലാം ഭൂരിപക്ഷരാജ്യങ്ങളിൽ ക്രിസ്ത്യാനികളും ഇസ്ലാംമതം സ്വീകരിക്കാത്ത ഗോത്രവിഭാഗങ്ങളും ക്രൂരമായ പീഡനങ്ങൾക്കും വിവേചനത്തിനും വംശഹത്യയ്ക്കും വിധേയരാകുന്നു. അന്താരാഷ്ട്രസമൂഹവും ലോകസമാധാനസംവിധാനങ്ങളും യുഎൻ ഉൾപ്പെടെയുള്ള സംഘടനകളും ഇതിനെ കണ്ടില്ലെന്നു നടിക്കുകയാണ്.


▶14

# പാലാ ടൗൺ കുരിശുപള്ളിയിൽ
# അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ
## 2025 ഡിസംബർ 1 തിങ്കൾ മുതൽ 8 തിങ്കൾ വരെ

## ജൂബിലിത്തിരുനാൾ പാലായുടെ ദേശീയോത്സവം

**ജോയി മുത്തോലി**

ചരിത്രപ്രസിദ്ധമായ പാലാ ടൗൺ കുരിശുപള്ളിയിൽ പരിശുദ്ധ അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ. ഡിസംബർ 8–പ്രധാന തിരുനാൾ. പാലാക്കാർ മുഴുവനും മാതാവിന്റെ മുമ്പിൽ ഒത്തുചേരുന്ന പുണ്യദിനം! അമ്മയുടെ അനുഗ്രഹകരങ്ങൾ പാലായുടെമേൽ വിരിയുന്ന മനോഹരമുഹൂർത്തം! ജൂബിലിത്തിരുനാൾ പാലാക്കാർക്ക് ആത്മീയനിർവൃതിയുടെ നിമിഷങ്ങളാണ്.

തങ്ങളുടെ സംരക്ഷികയായ അമ്മയുടെ മുമ്പിൽ കൂപ്പുകൈകളോടെ പ്രാർഥനാനിരതരായി നില്ക്കുന്ന പതിനായിരങ്ങൾ. ജൂബിലിത്തിരുനാൾ പാലായുടെ ദേശീയോത്സവംപോലെ അത്യാഡംബരപൂർവം നടത്താൻ പാലാക്കാർ യാതൊരു മടിയും കാണിച്ചിരുന്നില്ല, ഇപ്പോഴും കാണിക്കുന്നുമില്ല. കുരിശുപള്ളിക്കു മുമ്പിൽ മനോഹരമായ പൂപ്പന്തൽ നിർമ്മിച്ചും നഗരം മുഴുവൻ കൊടിതോരണങ്ങൾ കെട്ടിയും അലങ്കരിക്കുന്നു. നയനാനന്ദകരമായ വൈദ്യുതദീപാലങ്കാരങ്ങൾകൊണ്ട് കുരിശുപള്ളിയും നഗരവീഥിയും വീഥിയുടെ ഇരുവശങ്ങളിലുമുള്ള കടകളും പ്രകാശമാനമാക്കുന്നു. ഭക്തിനിർഭരമായ തിരുക്കർമ്മങ്ങളും മണിക്കൂറുകൾ നീളുന്ന നഗരപ്രദക്ഷിണവും ജപമാലറാലിയുമെല്ലാം ഈ തിരുനാളിനു മാറ്റുകൂട്ടുന്നു. നാടകമേള, ജൂബിലി ഘോഷയാത്ര, ബൈബിളിനെ അടിസ്ഥാനമാക്കിയുള്ള ടാബ്ലോ മത്സരം, ടൂവീലർ ഫാൻസിഡ്രസ് മത്സരം തുടങ്ങിയവയാണ് പ്രധാന പരിപാടികൾ. എട്ടാം തീയതിയാണ് പ്രധാന തിരുനാൾ. അന്നേദിവസം രാവിലെ 8 ന് പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥി



നികളുടെ മരിയൻ റാലി പാലാ നഗരത്തെ ഭക്തിസാന്ദ്രമാക്കും. ഉച്ചകഴിഞ്ഞ് 2.30 മുതൽ പാലാ ജൂബിലിഘോഷയാത്രയും ബൈബിൾ ടാബ്ലോ, ഫാൻസിഡ്രസ് മത്സരങ്ങളും നടക്കും. വാദ്യമേളങ്ങളും കലാ–സാംസ്കാരിക ദൃശ്യരൂപങ്ങളുടെ അവതരണവും ഇതോടൊപ്പം ഉണ്ടാകും. അഞ്ചുമണിക്ക് വിവിധ പന്തലുകളിലേക്ക് പ്രദക്ഷിണം. രാത്രി എട്ടിന് പ്രസിദ്ധമായ പട്ടണപ്രദക്ഷിണം നടക്കും.

സ്വർഗവാതിലോളമെത്തിനില്ക്കുന്ന പാലാ കുരിശുപള്ളി ആരിലും അദ്ഭുതമുണർത്തും. അമലോദ്ഭവമാതാവിന്റെ നാമധേയത്തിലുള്ള ഈ കുരിശുപള്ളിയുടെ സന്നിധാനത്തിലെത്തുമ്പോൾ നാം എല്ലാ ദുഃഖവും മറക്കും. ആശ്വാസത്തിന്റെ, അനുഗ്രഹത്തിന്റെ അഭൗമികപ്രപഞ്ചം നാമറിയാതെ നമുക്കു മുമ്പിൽ തുറക്കും. പാലാ കത്തീഡ്രൽ, ളാലം പഴയപള്ളി, ളാലം പുത്തൻപള്ളി എന്നീ മൂന്ന് ഇടവകകളുടെ സംയുക്താഭിമുഖ്യത്തിലാണ് ജൂബിലിത്തിരുനാൾ ആഘോഷിക്കുന്നത്.

ഡിസംബർ 8 ജൂബിലിത്തിരുനാൾദിനം കുരിശുപള്ളിക്കപ്പേളയിലെ തിരുക്കർമങ്ങളിൽ പങ്കെടുക്കാൻ പാലായിലും പരിസരപ്രദേശങ്ങളിലുമുള്ള നാനാജാതിമതസ്ഥർ എത്തിച്ചേരുന്നു. മാതാവിന്റെ അനുഗ്രഹം വാങ്ങി സംതൃപ്തിയോടെ അവർ മടങ്ങുന്നു.

### പ്രധാന തിരുനാൾ ഡിസംബർ 8 തിങ്കൾ

06.00 am വി. കുർബാന, സന്ദേശം, ലദീഞ്ഞ്
08.00 am മരിയൻ റാലി
10.00 am ആഘോഷമായ തിരുനാൾ കുർബാന
സന്ദേശം
മാർ ജോസഫ് കല്ലറങ്ങാട്ട്
01.00 pm ആഘോഷമായ വി. കുർബാന,
സന്ദേശം
2.30 pm പാലാ ജൂബിലി ഘോഷയാത്ര
ബൈബിൾ ടാബ്ലോ മത്സരം, വാദ്യമേളങ്ങൾ,
കലാ–സാംസ്കാരിക ദൃശ്യരൂപങ്ങൾ,
ടൂവീലർ ഫാൻസി ഡ്രസ്സ് മത്സരം
04.00 pm ചെണ്ടമേളം, ബാന്റുമേളം
05.00 pm തിരുനാൾപ്രദക്ഷിണം (പന്തലുകളിലേക്ക്)
08.00 pm ആഘോഷമായ പട്ടണപ്രദക്ഷിണം
09.00 pm വിശുദ്ധകുർബാനയുടെ
ആശീർവാദം, സമ്മാനദാനം


തിരുനാൾ ആശംസകൾ
Fathima EYE CARE GROUP
ഫാത്തിമ ഐ ഹോസ്പിറ്റൽ
പുതിയിടം ബിൽഡിംഗ്, രാമപുരം റോഡ്, പാലാ PH: 7025927280
ബ്രാഞ്ചുകൾ : തൊടുപുഴ, ആലുവ, പെരുമ്പാവൂർ, തോപ്പുംപടി, തൃശൂർ
ഗ്ലോക്കോമ, ഡയബറ്റിക് റെറ്റിനോപ്പതി, കോങ്കണ്ണ് ചികിത്സകൾക്ക് അത്യാധുനിക സ്പെഷ്യാലിറ്റി വിഭാഗം
കുത്തിവയ്പ്പില്ലാതെ തിമിരത്തെ വെറും 10 മിനിറ്റുകൊണ്ട് സുഖപ്പെടുത്തുന്നു

രോഗികൾ പതിവായി കഴിക്കുന്ന ഒരു മരുന്നും നിർത്തേണ്ടതില്ല
തിമിരശസ്ത്രക്രിയയ്ക്ക് ആരോഗ്യഇൻഷുറൻസ് പദ്ധതി
KASP & MEDISEP പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാണ്
പ്രവർത്തനസമയം : 9.00 am to 6.00 pm
N.B. എല്ലാ മാസത്തിലെയും ആദ്യഞായറാഴ്ച സൗജന്യനേത്രപരിശോധനയും തിമിരശസ്ത്രക്രിയയും ഉണ്ടായിരിക്കുന്നതാണ്.
അന്വേഷണങ്ങൾക്ക് PH : 8086444678, 9645441406




ജൂബിലിത്തിരുനാൾ ആശംസകൾ
Pala TIMBERS Since 1969

Dealers in all kinds of Imported and Indian Woods
WHOLESALE & RETAIL
Email:palatimbers@gmail.com www.palatimbers.com
Market Jn., Ramapuram Road, PALA
Mob: 9447073366, 9995444666



ജൂബിലിത്തിരുനാൾ ആശംസകൾ!
i test optics

Opp. Cherupushpam Hospital, PALA Ph: 9188282526
Highway Junction KIDANGOOR Ph: 9188292526
ഞങ്ങളുടെ സവിശേഷതകൾ
• കംപ്യൂട്ടറിന്റെ സഹായത്തോടെ സൗജന്യ നേത്രപരിശോധന • ലോകോത്തര ബ്രാൻഡുകളിലുള്ള ഫ്രെയ്മുകളും ലെൻസുകളും മിതമായ നിരക്കിൽ • രാവിലെ 9.30 മുതൽ വൈകുന്നേരം 7.30 വരെ പരിചയസമ്പന്നരായ ഒപ്ടോമെട്രിസ്റ്റുകളുടെ സേവനം. • വിശാലമായ പാർക്കിങ് സൗകര്യം.



തിരുനാൾ ആശംസകൾ
SINCERE BOOKS
GIFTS & STATIONERY
നവീകരിച്ച A/C ഷോറൂം ടൗൺ ഹാളിന്റെ മധ്യഭാഗത്ത്
TOWN HALL BUILDING, PALA. PH: 04822-211157, 9447231238, 8281872141
DISCOUNT SALE upto 30% Selected items
GOVT.BOOKS | NCERT TEXTS | PAPER | DIARIES | NOTE BOOKS | FILES | TOYS
OFFICE STATIONERY | GUIDE | CALCULATOR | SCHOOL / COLLEGE TEXTS
ENGLISH, MALAYALAM NOVELS, STORY BOOKS etc...
WHOLESALE & RETAIL






ടി. ദേവപ്രസാദ്

# ഒരു കണ്ണീർ ഓർമ്മയും കുറെ ചിരികളും

**നി**യമസഭയെക്കുറിച്ചുള്ള ഓർമ്മകളിൽ കറുത്തിരുണ്ട ഓർമ്മകളിലൊന്നാണ് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിക്കു ഡൽഹിയിൽ വെടിയേറ്റ ദിനം. അന്നു നിയമസഭ പതിവുപോലെ കൂടിക്കൊണ്ടിരിക്കുകയാണ്. ചോദ്യോത്തരവേള കഴിഞ്ഞു സഭ അനന്തരനടപടികളിലേക്കു കടന്നു എന്നാണ് ഓർമ്മ. ഒരു സാധാരണദിവസത്തിന്റെ ആലസ്യത്തിലായിരുന്നു നിയമസഭാംഗങ്ങളും മാധ്യമപ്രവർത്തകരും എല്ലാം. പെട്ടെന്ന് ജി. കാർത്തികേയൻ പരിഭ്രാന്തനായി മുഖ്യമന്ത്രി കരുണാകരന്റെ സീറ്റിലേക്ക് ഓടിപ്പോകുന്നതു കണ്ടു. ജി.കെ.എന്തോ ലീഡറുടെ ചെവിയിൽ മന്ത്രിച്ചു. ലീഡർ അസ്വസ്ഥനായി ചുറ്റും നോക്കുന്നതു കണ്ടു. കോൺഗ്രസ് എം.എൽ.എ.മാരിൽ പലരും ലീഡറുടെ അടുത്തേക്ക് ഓടി. സ്പീക്കർ വക്കം പുരുഷോത്തമൻ സഭയിൽ ആ ദുരന്തവാർത്ത അറിയിച്ചു. അതോ അത് അറിയിക്കുവാൻ സഭാ നേതാവായ കെ.കരുണാകരനെ ക്ഷണിക്കുകയായിരുന്നോ എന്ന് കൃത്യമായി ഓർക്കുന്നില്ല. അപ്പോഴേക്കും പ്രധാനമന്ത്രിക്കു വെടിയേറ്റു എന്ന വാർത്ത മാധ്യമപ്രവർത്തകർക്കിടയിൽ പടർന്നു. കരുണാകരൻ പറഞ്ഞത് ഏതാണ്ട് ഇങ്ങനെയാണ്: നമ്മുടെ ആരാധ്യയായ പ്രധാനമന്ത്രിക്ക് വെടിയേറ്റതായും അവരെ ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശിപ്പിച്ചതായും അറിയുന്നു. അവർ വേഗം സുഖം പ്രാപിക്കുന്നതിന് നമുക്കു



ജോസഫ് ചാഴികാടൻ

പ്രാർത്ഥിക്കാം. പ്രധാനമന്ത്രി വേഗം സുഖം പ്രാപിക്കട്ടെ എന്ന് പ്രതിപക്ഷനേതാവ് ഇ.കെ. നായനാരും ആശംസിച്ചു എന്നാണ് ഓർമ്മ. സ്പീക്കർ സമ്മേളനം അനിശ്ചിതകാലത്തേക്കു പിരിച്ചുവിട്ടു.

വയലാർ രവിയിൽനിന്നു കെ. കരുണാകരൻ ആഭ്യന്തരവകുപ്പ് ഏറ്റെടുത്ത കാലം. 1986 ഒക്ടോബറിൽ ഇടുക്കിജില്ലയിലെ തങ്കമണിയിൽ ഒരു പൊലീസ് നരനായാട്ട് നടന്നു. ഒരു സ്വകാര്യബസിലെ ജീവനക്കാരും യാത്രക്കാരും തമ്മിൽ നടന്ന ഏറ്റുമുട്ടലിൽ ബസുടമയ്ക്കുവേണ്ടി പൊലീസ് നടത്തിയ അതിക്രമം കേരള ചരിത്രത്തിലെ അത്യപൂർവസംഭവമായി. രാത്രി 11 മണി മുതൽ പുലർച്ചെ മൂന്നുവരെ വീടുകളിൽ കയറി അതിക്രമം നടത്തിയ പൊലീസ് സ്ത്രീകളെ ബലാത്സംഗംവരെ ചെയ്തു എന്ന് പ്രതിപക്ഷം ആരോപിച്ചു. അടിയന്തരപ്രമേയമായി സഭയിൽ ഉന്നയിച്ച വിഷയത്തെക്കുറിച്ച് ഏതാനും ദിവസങ്ങൾക്കുശേഷം ഉടുമ്പഞ്ചോല എം.എൽ.എ. ജിനദേവന് സ്പീക്കർ സുധീരൻ സബ്മിഷന് അനുമതി കൊടുത്തു. ഭരണപക്ഷം വല്ലാതെ പ്രതിരോധത്തിലായ സംഭവമായിരുന്നു അത്. പ്രതിപക്ഷനേതാക്കളുടെ ഒരു സംഘം തങ്കമണി സന്ദർശിച്ചതിന്റെ വിവരണവും അതിൽ ഉണ്ടായിരുന്നു. ബഹളത്തിനിടയിൽ പ്രതിപക്ഷത്തെ നിരായുധരാക്കുവാൻ ഒരു ഭരണകക്ഷി എം.എൽ.എ. എഴുന്നേറ്റു ചോദിച്ചു: “നീയൊക്കെ എന്നാ അവിടെ ചെന്നത്? പോലീസുകാരൻ ബലാത്സംഗം ചെയ്ത സ്ത്രീകൾ പ്രസവിക്കാറായപ്പോഴല്ലേ?” അദ്ദേഹത്തിന്റെ നാക്കു കുഴയുന്നുണ്ടായിരുന്നതുകൊണ്ടും ബഹളംകൊണ്ടും പലരും ആ വാക്കുകൾ കേട്ടില്ല. സുധീരൻ ആ വാക്കുകൾ ശരിക്കും കേട്ടു. “നല്ല ഫോമിലാണല്ലോ.” അദ്ദേഹം പ്രതികരിച്ചു. ദുസ്ഥിതി മനസ്സിലാക്കിയ പ്രതിപക്ഷത്തെ ഒരു എം.എൽ.എ. സഹപ്രവർത്തകനെ താങ്ങിപ്പിടിച്ച് എഴുന്നേല്പിച്ചു പുറത്തുകൊണ്ടുപോയി. അദ്ദേഹം മദ്യപിച്ചു ലക്കുകെട്ടതാണെന്നും



പി. സീതിഹാജി

രാവിലെ കഴിച്ച ചില ഗുളികകളുടെ ഫലമായി ഉണ്ടായ പാർശ്വഫലം ആയിരുന്നെന്നും പിന്നീട് വ്യാഖ്യാനിക്കപ്പെട്ടു. മദ്യപിച്ചു സഭയിൽ വരുന്ന പല എം.എൽ.എ.മാരെയും കണ്ടിട്ടുണ്ട്. സമ്മേളനം നടക്കുമ്പോൾ കൊക്കക്കോള ആയി മദ്യം നിയമസഭയുടെ ലോബിയിൽ കൊണ്ടുവന്നു സേവിച്ചതായി പഴയകാല പത്രപ്രവർത്തകർ അവകാശപ്പെടുന്നതു കേട്ടിട്ടുണ്ട്.

ഒരിക്കൽ ഒരു മുതിർന്ന നേതാവ് കേരളത്തിലെ സ്റ്റീൽവ്യവസായത്തെക്കുറിച്ച് വ്യവസായമന്ത്രിയോടു ചോദ്യം ചോദിച്ചു. ചോദ്യം തയ്യാറാക്കിയത് ഉദ്യോഗസ്ഥരാവണം. സഭയിൽ ഉത്തരം പറഞ്ഞപ്പോൾ മന്ത്രി സിൽക്കിനെക്കുറിച്ചു പറഞ്ഞു. സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള എന്നതിന്റെ ഷോർട്ട്ഫോമാണ് സിൽക്ക് എന്ന് അറിയാത്ത നേതാവ് ചൂടായി. ഞാൻ സ്റ്റീലിനെക്കുറിച്ചു ചോദിച്ചപ്പോൾ മന്ത്രി സിൽക്കിനെക്കുറിച്ചു പറയുന്നത് എന്ത് എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. സഭ ഊറിച്ചിരിച്ചു.

ചിലർ ഇംഗ്ലീഷ്പദങ്ങൾ അർത്ഥം തെറ്റിച്ചുപയോഗിച്ചു വെട്ടിൽ വീഴുന്നതു കണ്ടിട്ടുണ്ട്. ഒരിക്കൽ കേരളത്തിൽ നടന്ന ഒരു മിന്നൽപണിമുടക്ക് സഭയിൽ ഉന്നയിക്കപ്പെട്ടു. മറുപടി പറഞ്ഞ മന്ത്രി നോട്ടീസ് കൊടുക്കാതെ നടത്തിയ സമരത്തെക്കുറിച്ച് എന്ന അർത്ഥത്തിൽ അൺനോട്ടീസ്ഡ് സ്ട്രൈക്ക് എന്നു പറഞ്ഞു. പലരും പരസ്പരം നോക്കിയപ്പോൾ അദ്ദേഹം വിശദീകരിച്ചു. സമരക്കാർ നോട്ടീസ് തന്നിട്ടില്ല. ശരിക്കും അൺ നോട്ടിസ്ഡ്.

പലതരത്തിലുള്ള തമാശകൾ സഭയിൽ കൂട്ടച്ചിരി ഉയർത്താറുണ്ട്. ദ്വയാർത്ഥപ്രയോഗങ്ങളിലൂടെ സഭയിൽ ചിരി പടർത്തിയവർ ഏറെയുണ്ട്. പലപ്പോഴും ലൈംഗിക അശ്ലീലമായി വ്യാഖ്യാനിക്കാവുന്നവയായിരിക്കും പലതും. ഒരിക്കൽ ഒരു വനിതാമെമ്പർ ഗതാഗതമന്ത്രിയോട് തന്റെ മണ്ഡലത്തിൽ ഒരു പുതിയ ബോട്ടുജട്ടി വേണം എന്ന് ആവശ്യപ്പെട്ടു. മറുപടി പ്രസംഗത്തിൽ മന്ത്രി പറഞ്ഞു – ന് എന്തിനാ പുതിയ ജട്ടി? സഭ ആർത്തുചിരിച്ചു. ഇത്തരം തമാശകളിലൂടെ ചിരി ഉണ്ടാക്കിയവർ പലരുണ്ട്. തെറിക്കുത്തരം മുറിപ്പത്തലുപോലെ പറഞ്ഞ ചില തമാശകൾക്കായി മാപ്പു പറയേണ്ടിവന്ന സംഭവവും ഉണ്ട്. വി. എസ്. അച്യുതാനന്ദന്റെ നീട്ടിയും കുറുക്കിയും ചില വാക്കുകൾ പലവട്ടം ആവർത്തിച്ചും നടത്തുന്ന പ്രസംഗങ്ങൾ പലപ്പോഴും ചിരി പടർത്തിയിട്ടുണ്ട്. ഒരിക്കൽ ഉമ്മൻചാണ്ടിയെ ഊഉഊഉഊഉഊ ഊഉഊഉഊ.... ചാണ്ടി എന്ന് സഭയിൽ വിളിച്ചത് വിവാദമായി. നിയമമന്ത്രി കെ.എം. മാണി ആ പ്രയോഗത്തെ ചോദ്യം ചെയ്തു. മാണി പറഞ്ഞതല്ല ഞാൻ പറഞ്ഞതെന്ന് വി. എസ്. വിശദീകരിച്ചു. ഓരോ കാലത്തും നർമ്മത്തിൽ പൊതിഞ്ഞു സംസാരിക്കുന്ന അംഗങ്ങൾ സഭയ്ക്കു പകരുന്ന ഉണർവ് ചില്ലറയല്ല. അവർ പ്രസംഗിച്ചുതുടങ്ങുമ്പോൾ പരമാവധി അംഗങ്ങൾ സഭയിൽ എത്തുന്നതും സാധാരണമാണ്. നർമ്മത്തിൽ കലർന്ന പ്രസംഗത്തിലൂടെ സഭയെ ചിരിപ്പിക്കുന്ന ജോസഫ് ചാഴികാടൻ വലിയ തമാശക്കാരനായിരുന്നു എന്നു കേട്ടിട്ടുണ്ട്. സഭയിൽ കാര്യങ്ങൾ അക്ഷരശഃ ചിട്ടപ്പടി നടന്ന കാലമാണത്. ഒരു ദിവസം ചാഴികാടൻ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ സമയം തീരുന്ന മണി ഉയർന്നു. ഒരു വാചകംകൂടി പറയാൻ ചാഴികാടൻ സ്പീക്കറുടെ അനുമതി ചോദിച്ചു. സ്പീക്കർ സമ്മതിച്ചു. അദ്ദേഹം പറഞ്ഞു തുടങ്ങി. നിർത്തില്ലാത്ത ഒരു വാചകം. അവസാനം സ്പീക്കർ ചോദിച്ചു: അംഗ



ഒ. ലൂക്കോസ്

ത്തിന് ഒരു വാചകം പറഞ്ഞുതീർക്കാൻ എത്ര സമയംകൂടി വേണ്ടിവരും? കേരള കോൺഗ്രസിലെ ഒ ലൂക്കോസ് കുറിക്കുകൊള്ളുന്ന നർമ്മത്തിലൂടെ എതിരാളികളുടെ വായടപ്പിക്കുന്നതിൽ വിദഗ്ധനായിരുന്നു. ഒരിക്കൽ തന്റെ പാർട്ടിയെയും നേതാവിനെയും വല്ലാതെ പരിഹസിച്ച ഒരു യുവനേതാവിനോട് അദ്ദേഹം ഉപദേശിച്ചു: “സെവൻ ഓ ക്ലോക്ക് തോരൻ വച്ചു കൂട്ടിയാൽ തൊണ്ടയുടെ കടി ഇത്തിരി കുറയും...” മുസ്ലീംലീഗിലെ പി. സീതിഹാജി തമാശകൾ പൊട്ടിക്കുന്നതിൽ വല്ലഭനായിരുന്നു. സ്വയം പരിഹസിച്ചും മറ്റുള്ളവരെ പരിഹസിച്ചും എല്ലാം അദ്ദേഹം സഭയിൽ പൊട്ടിച്ചിരികൾ ഉയർത്തി. ഒരു ദിവസം ഹാജി പറഞ്ഞു: “സർ, ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടത് ഗാന്ധിജിയുടെ സമരം കൊണ്ടൊന്നും അല്ല.” പിന്നെങ്ങനെ? എല്ലാവരും കൗതുകത്തോടെ നോക്കുമ്പോൾ ഹാജി പറഞ്ഞു: “നായനാരുടെ ഇംഗ്ലീഷുകേട്ടാണ്.” ടി.എം. ജേക്കബ്



ഇന്ദിരാഗാന്ധി

വിദ്യാഭ്യാസമന്ത്രി ആയിരിക്കുമ്പോൾ കൊണ്ടുവന്ന പ്രീഡിഗ്രി ബോർഡിനെതിരേ സഭയിൽ വലിയ ചർച്ച നടക്കുന്നു. പ്രതിപക്ഷനേതാവ് ഇ. കെ. നായനാർ വളരെ ശക്തമായി പ്രസംഗിക്കുകയാണ്. ആരുടെയും ചോദ്യങ്ങൾക്കു വഴങ്ങാതെ നായനാർ കൊണ്ടുകയറുകയായിരുന്നു. ഭരണപക്ഷത്തിന് കനത്ത പ്രഹരമാണ് നായനാർ ഏല്പിച്ചുകൊണ്ടിരിക്കുന്നത്. നായനാരെ തടസ്സപ്പെടുത്താൻ ഭരണകക്ഷി നോക്കുന്ന ഒരു പരിശ്രമവും വിജയിക്കുന്നില്ല. അപ്പോഴാണ് ക്രമപ്രശ്നവുമായി സീതിഹാജി എഴുന്നേറ്റത്. പ്രസംഗിക്കുന്ന അംഗം ചട്ടവിരുദ്ധമായി പ്രസംഗിക്കുമ്പോഴാണ് ക്രമപ്രശ്നം ഉന്നയിക്കാവുന്നത്. നായനാരോടു പ്രസംഗം ഒന്നുനിർത്താൻ നിർദേശിച്ച സ്പീക്കർ ഹാജിയോടു ചോദിച്ചു: ഏതു ചട്ടമാണ് ലംഘിക്കപ്പെട്ടത്. ഏതോ ഒരു ചട്ടത്തിന്റെ നമ്പർ പറഞ്ഞശേഷം ഹാജി ചോദിച്ചു. പ്രീഡിഗ്രി ബോർഡുപോലുള്ള വലിയ വിഷയങ്ങളെക്കുറിച്ച് പഠിപ്പും അറിവും ഉള്ളവർ സംസാരിക്കേണ്ടിടത്ത് ഞാനും നായനാരും ഒക്കെ പ്രസംഗിക്കുന്നത് ഓർഡറിലാണോ? സഭ ആർത്തു ചിരിച്ചു. നായനാരുടെ ഒഴുക്കു തടയാൻ ഹാജിക്കായി. വനത്തിലെ മരങ്ങൾ വെട്ടുന്നതുകൊണ്ടാണ് മഴ ഇല്ലാതാകുന്നതെന്നു വാദിച്ചവരോട്, അറബിക്കടലിൽ എങ്ങനെയാണ് മഴ പെയ്യുന്നത് എന്നു സീതിഹാജി ചോദിച്ചപ്പോഴും സഭ ആർത്തുചിരിച്ചു. ഉരുൾപൊട്ടൽ ഉണ്ടാകുന്നതിനു കാരണം വനത്തിലെ കൂറ്റൻമരങ്ങളാണെന്നു ഹാജി വാദിച്ചപ്പോഴും സഭ ചിരിച്ചു. ഉരുൾപൊട്ടലും മരങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള തന്റെ തീയറി അദ്ദേഹം ഇങ്ങനെയാണ് വിശദീകരിച്ചത്: “കൂറ്റൻമരങ്ങൾ ഒരു പ്രദേശത്താകെ വേരുപാകിയാണ് നിൽക്കുക. തുടർച്ചയായ മഴ പെയ്ത് മണ്ണു കുഴയുമ്പോൾ ഈ വേരുകൾക്കു പിടിവീഴുന്നു. മരം വീഴുന്നു. ആ ഇടയിലൂടെ മലവെള്ളം പാഞ്ഞൊഴുകി ഉരുൾപൊട്ടലാകുന്നു.”

ഒരിക്കൽ തന്നെക്കുറിച്ച് അദ്ദേഹം പറഞ്ഞു: ‘‘എനിക്ക് വിദ്യാഭ്യാസം ഇല്ലെന്നു ചിലർ പറയാറുണ്ട്. അവർ പറയുന്നതുപോലെ എൽ.പി.ക്കാരനാണു ഞാൻ. ലോവർ പ്രൈമറി അല്ല, ലോകപരിചയം ആണ് എന്റെ വിദ്യാഭ്യാസയോഗ്യത എൽ.പി. തന്നെ.”

■

ബാലനോവൽ 13

# പൊന്നിവനത്തിലെ കഴുത



നിഥിൻകുമാർ ജെ.

"മിടുക്കൻ. നിന്നെ എനിക്ക് ഇഷ്ടമായി.'' ഗ്രാമത്തലവന്റെ വാക്കുകൾ കേട്ടപ്പോൾ സന്തോഷംകൊണ്ട് കഴുതയുടെ കണ്ണുകൾ നിറഞ്ഞുതുളുമ്പി.

"എന്റെ ഒപ്പം വരൂ" വളരെ വിനയത്തോടെ കഴുത ഗ്രാമത്തലവന്റെ പിറകേ നടന്നു. ഒരു കുന്നിന്റെ മുകളിലേക്കാണ് ഗ്രാമത്തലവൻ നടക്കുന്നത്. കഴുതയുടെ മനസ്സിൽ പ്രതീക്ഷ നിറഞ്ഞു.

"കുന്നിന്റെ മുകളിൽ ചെന്നു കഴിഞ്ഞാൽ രക്ഷപെടാനുള്ള വഴികൾ കണ്ടെത്തണം."

ഡോസി ഇരുവശത്തുമുള്ള ഓരോ വസ്തുക്കളും സൂക്ഷ്മമായി നോക്കിയാണു നടക്കുന്നത്. വലിയ മരങ്ങൾ, ചെറിയ പാറകൾ, ഒളിക്കാൻ പറ്റുന്ന സ്ഥലങ്ങൾ അങ്ങനെ പലതും കഴുത കാണുന്നുണ്ട്. പക്ഷേ, ഡോസി വിചാരിക്കാത്ത ഒരു കാര്യമാണ് നടന്നത്. അവനെ ഒരു തെങ്ങിൽ കെട്ടിയിട്ടാണ് ഗ്രാമത്തലവൻ അവിടെനിന്നും പോയത്. ശരിക്കും ഡോസി കരുതിയത് തന്നെ പുൽമേട്ടിൽ വെറുതെ നടക്കാൻ വിടുമെന്നാണ്. പക്ഷേ, അങ്ങനെ ഗ്രാമത്തലവൻ ചെയ്യില്ലന്ന് പെട്ടെന്നു തന്നെ ഡോസി മനസ്സിലാക്കുകയും ചെയ്തു. ഗ്രാമത്തലവനും ബുദ്ധിയുണ്ടല്ലോ. വെറുതെ വിട്ടാൽ ഓടിപ്പോകുമെന്നു കരുതും. പിന്നീട് കഴുത ചിന്തിച്ചത് നേരത്തേ കിടന്നതുപോലെയൊരു കൂട്ടിലാകും തന്നെ ഇടുന്നത് എന്നാണ്. അതിനാൽത്തന്നെ കൂടു തുറക്കാനുള്ള വഴികളാണ് ഇത്രനേരവും കഴുത ചിന്തിച്ചത്. പക്ഷേ, കെട്ടിയിടുമെന്നു കരുതിയില്ല. എങ്ങനെ കരുതും. ആദ്യമായിട്ടാണ് കെട്ടിയിടുന്നതു കാണുന്നതുതന്നെ. ഡോസി എത്ര ചിന്തിച്ചിട്ടും ഒരു വഴി കിട്ടിയില്ല. നല്ല ബലമുള്ള കയറു കൊണ്ടാണ് കെട്ടിയിരിക്കുന്നത്. അപ്പോൾ അതാ വരുന്നു. പമ്മിപ്പമ്മി കീര.

പമ്മി വരുന്ന കീരയെ കണ്ടപ്പോൾ ഒരു സന്തോഷം ഡോസിക്കു തോന്നി.

"കൂട്ടുകാരാ." കീര പതിയെ വിളിച്ചു.

''കീരാ, ഞാൻ എങ്ങനെ രക്ഷപെടും."

''അതൊന്നും ഞാൻ പറഞ്ഞുതരേണ്ട കാര്യമില്ല. നിനക്കു നിസ്സാരമായി പറ്റും. ഞാൻ ഇപ്പോൾ വന്നത് ഇവിടെനിന്നും ദാ ആ കാണുന്ന കുന്നിന്റെ ചെരുവിലേക്കു നീ വരണം. അവിടെനിന്ന് നമുക്കൊരു സുരക്ഷിതമായ സ്ഥലത്തേക്കു പോകാം."

"പക്ഷേ കീരാ. ഞാൻ ഈ കയർ എങ്ങനെ അഴിക്കും?"

''സത്യത്തിൽ എനിക്കും അറിയില്ല. പക്ഷേ, നിന്നെക്കൊണ്ട് പറ്റുമെന്ന് എനിക്കുറപ്പുണ്ട്. എന്റെ മനസ്സ് അങ്ങനെ പറയുന്നു.'' ഡോസി ചിന്തിക്കാൻ തുടങ്ങി.

''എന്തേലും വഴി കണ്ടെത്തിയാൽ മാത്രമേ എനിക്കു രക്ഷയുള്ളൂ. ഈ അവസരം നഷ്ടമായാൽ മറ്റൊരു അവസരത്തിനു വേണ്ടി ഒരുപാട് കാത്തിരിക്കേണ്ടിവരും."

കുറച്ചുനേരം തെങ്ങിന്റെ ചുവട്ടിൽ അവൻ വെറുതെയിരുന്നു. അപ്പോഴേക്കും കീര തിരികെപ്പോകാൻ തുടങ്ങി..




"നിൽക്ക്." കീര തിരിഞ്ഞു

"എന്താ ഡോസീ."

"റായൽ അവിടെയുണ്ടോ?"

"ഉണ്ട്."

''എങ്കിൽ വേഗം ഇങ്ങോട്ടു വരാൻ പറ." ഡോസിയുടെ മനസ്സിൽ പുതിയൊരു തന്ത്രം തോന്നി. ഡോസി പറഞ്ഞയുടനെ കീര, റായലിനെ വിളിക്കാൻ വേണ്ടിയോടി. അല്പം കഴിഞ്ഞപ്പോൾ റായൽ, ഡോസിയുടെ അടുത്തേക്ക് എത്തുകയും ചെയ്തു...

"റായൽ... നീ എനിക്കൊരു സഹായം ചെയ്യണം."

"പറയൂ. ചങ്ങാതീ."

''ഞാൻ ഇപ്പോൾ നിലവിളിക്കും. എന്റെ ശബ്ദം കേട്ട് യജമാനൻ ഓടിവരും. അപ്പോഴേക്കും ഞാൻ ബോധം പോയതുപോലെ ചലനമില്ലാതെ കിടക്കും. ആ സമയം നീ എന്തു ചെയ്യണം. യജമാനൻ കാണുന്ന രീതിയിൽ മുന്നിലേക്കു ചെല്ലണം. അപ്പോൾ യജമാനൻ കരുതും എന്റെ ബോധം പോയത് തേൾ കടിച്ചിട്ടാണെന്ന്."

''അപ്പോൾ നീ എങ്ങനെ രക്ഷപ്പെടും?"

"ഞാൻ വിചാരിച്ചപോലെ നടന്നാൽ ചിലപ്പോൾ രക്ഷപെടും. നടന്നില്ലേൽ മറ്റൊരു വഴി കണ്ടെത്തണം. എന്തായാലും ശ്രമിച്ചാലല്ലേ അറിയാൻ പറ്റൂ. എന്റെ ഊഹം ബോധം പോയ എന്നെ വൈദ്യനെ കാണിക്കാൻ കൊണ്ടു പോകുമെന്നാണ്. ആ സമയം ചാടാമെന്നാണു കരുതുന്നത്.

''ശരി... നീ ശബ്ദമുണ്ടാക്കിക്കോ. സമയംകളയണ്ട." ഡോസി കരയാൻ തുടങ്ങി. അവന്റെ ശബ്ദം കേട്ടതും ഗ്രാമത്തലവൻ ഓടിവന്നു. കുറച്ചു മാറിയൊരു വീടുണ്ട്. അവിടെയായിരുന്നു ഗ്രാമത്തലവൻ. നോക്കുമ്പോൾ കഴുത വീണുകിടക്കുന്നു. ഗ്രാമത്തലവൻ ചുറ്റും നോക്കി. അപ്പോൾ മുന്നിൽ ഒരു തേൾ. ഗ്രാമത്തലവനു കാര്യങ്ങൾ മനസ്സിലായി. അയാൾ തൊട്ടടുത്തായി കിടന്ന വടി എടുക്കാൻ തിരിഞ്ഞു.

തന്റെ കൈയിലെ വടികൊണ്ട് തേളിന്റെ നേർക്ക് വീശി. പക്ഷേ അപ്പോഴേക്കും തേൾ പുല്ലിന്റെ ഇടയിലേക്കു മറഞ്ഞു. കഴുതയെ വിഷമുള്ള തേൾ കടിച്ചെന്നാണ് ഗ്രാമത്തലവൻ കരുതിയത്. ഉടനെതന്നെ അയാൾ കഴുതയുടെ കഴുത്തിൽ നിന്നു കയർ അഴിച്ചുമാറ്റി. എന്നിട്ട് പുല്ലിന്റെ പുറത്തേക്ക് കഴുതയെ നീക്കിയിട്ടു.

"പാവം കഴുത! ഈ ഗതി വന്നല്ലോ."

ഗ്രാമത്തലവനു സങ്കടം തോന്നി. അയാൾ വേഗം വീട്ടിലേക്കു ചെന്ന്. വൈദ്യനു ഫോൺ ചെയ്യാൻ തുടങ്ങി. ആ സമയം ഡോസി കണ്ണുകൾ തുറന്നു ചുറ്റും നോക്കി. ആരുമില്ലെന്നു ബോധ്യമായപ്പോൾ പെട്ടെന്നു തന്നെ എഴുന്നേറ്റ്, കീര പറഞ്ഞ സ്ഥലത്തേക്ക് ഒറ്റയോട്ടം. പിന്നാലെ റായലും. ഗ്രാമത്തലവൻ തിരിച്ചുവന്നു നോക്കുമ്പോൾ കഴുതയെ കാണുന്നില്ല.

"അയ്യോ. ചതിച്ചല്ലോ.. കഴുത പറ്റിച്ചല്ലോ. വെറുതെ വിടില്ല..."

ഗ്രാമത്തലവൻ ദേഷ്യം കൊണ്ടു തുള്ളി. അയാൾ കൂടുതൽ ആളുകളെ വിളിച്ചുവരുത്തി. എന്നിട്ട് കഴുതയെ കണ്ടുപിടിക്കാൻ ഏർപ്പാട് ചെയ്തു. ഇതേ സമയം കഴുത കീരയുടെ അടുത്തെത്തിക്കഴിഞ്ഞിരുന്നു. ഡോസിയെയും കാത്ത് ഏറെ നേരമായി ഇരിക്കുകയാണ് കീര.

"വാ വാ നിൽക്കാൻ സമയമില്ല. ഈ നേരം നിന്നെത്തേടി ആളുകൾ ഇറങ്ങിക്കാണും."

കീര തിരക്കുകൂട്ടി. ഡോസി വേഗത്തിൽ കീരയുടെ പിന്നാലെയോടി. കുന്നിന്റെ ചെരുവിലൂടെ മറ്റൊരു വലിയ മലയിലേക്കാണ് അവർ ഓടിയത്. പക്ഷേ, കീര മലയുടെ മുകളിൽ കയറാതെ താഴേക്കോടിത്തുടങ്ങിയപ്പോൾ ഡോസിക്കു സംശയമായി.

''പേടിക്കാതെ ഒപ്പം വാ''. ഓടുന്നതിന്റെ ഇടയിൽ കീര വിളിച്ചു പറഞ്ഞു. ചുറ്റും മരങ്ങൾ തിങ്ങിനിന്നിരുന്ന ഒരു സ്ഥലത്തായിരുന്നു അവർ എത്തിയത്. അതിന്റെ കുറച്ചു മാറിയൊരു പാറക്കെട്ട്.

"ചങ്ങാതീ, ഇനി നമുക്കു പേടിക്കണ്ട... ഈ ഭാഗത്തേക്ക് മനുഷ്യന്മാർ ആരും വരില്ല. ഇവിടെ നമ്മളെ ആരും കാണത്തുമില്ല." കീര ഓട്ടം നിർത്തി കിതപ്പോടെ പറഞ്ഞു. അതു കേട്ടപ്പോൾ ഡോസിക്കും സന്തോഷംതോന്നി. തൊട്ടുപിന്നാലെ തേളുമെത്തി.

"നമുക്ക് എത്ര കാലംവരെ വേണമെങ്കിലും ഇവിടെ താമസിക്കാം. ആവശ്യത്തിന് ആഹാരം ഇവിടെ കിട്ടും. കൂടുതൽ വല്ലതും വേണമെങ്കിൽ മാത്രം പുറത്തേക്കു പോയാൽ മതി. പക്ഷേ."

"എന്താണ് പക്ഷേ?"

*(തുടരും)*

കവിത — സുലോചന രാജൻ

## സ്വർഗം



കാവ്യാനുരാഗം തുളുമ്പുമീ ഭൂമിയിൽ
കാണുന്നതൊക്കെയും സ്വർഗതുല്യം.

കാടും പുഴകളും തോടും പലതരം
ജീവജാലങ്ങളും എത്ര ഭംഗി!

മണ്ണിൽ വളരുന്ന മാമരങ്ങൾ,പിന്നെ
പുല്ലും ചെടികളുമൊക്കെയായി

നെല്ലും വയലും വയൽവരമ്പിൽ
നീളെപ്പറക്കും ശലഭങ്ങളും.

സുപ്രഭാതം കിഴക്കെത്തിടും നേരത്ത്
പക്ഷികൾ പ്രാർത്ഥന ചൊല്ലിടുന്നു.

എങ്ങും വിരിഞ്ഞുനിന്നാടും മലരുകൾ
കണ്ണിൽക്കുളിർമ്മയാം വർണ്ണഭംഗി

വെള്ളമേഘങ്ങളെ തൊട്ടുതലോടുന്നു
മഞ്ഞുമലയിലെ മാമരങ്ങൾ.

വേനലും മഞ്ഞും മഴയുമായി പല-
കാലങ്ങൾ മാറിക്കടന്നുപോകെ

കാറ്റിന്റെ മർമ്മരമേറ്റുപാടീടുന്നു
സ്വർഗമാണീ ഭൂമി സ്വർഗ്ഗമാണ്.




# നിരന്തരമായ പരിശ്രമം

രണ്ടു തവളകൾ ഒരു പാൽടാങ്കിൽ വീണു. ടാങ്കിൽ നിന്നു ചാടി പുറത്തു കടക്കാൻ ഒരു മാർഗവുമില്ല. കാല് എവിടെയെങ്കിലും ഒന്നുറപ്പിച്ചാലല്ലേ, പുറത്തേക്കു കുതിച്ചുചാടാനാകൂ...

എത്ര ശ്രമിച്ചിട്ടും പുറത്തേക്കു ചാടാനാകാതെ വന്നപ്പോൾ ഒരു തവള മനസ്സു മടുത്തു പറഞ്ഞു: "എനിക്കിനി വയ്യ. ഞാനിതാ മുങ്ങിച്ചാകുന്നു."

താമസിയാതെ അതു ചത്തു.

പക്ഷേ, മറ്റേ തവള അത്ര പെട്ടെന്നു കീഴടങ്ങാൻ തയ്യാറായില്ല. അതു പാലിനകത്തു കിടന്ന് ചാട്ടത്തോടു ചാട്ടംതന്നെ. അങ്ങനെ കുറേനേരംകൂടി കടന്നു പോയി.

പെട്ടെന്ന് ആ തവളയുടെ കാലിലെന്തോ തടഞ്ഞു. തവളയുടെ നിറുത്താതെയുള്ള ചാട്ടംമൂലം പാലിൽ രൂപം കൊണ്ട വെണ്ണക്കട്ടിയായിരുന്നു അത്.

ആ വെണ്ണക്കട്ടിയിൽ ചവിട്ടി പാൽടാങ്കിൽനിന്നു തവള പുറത്തേക്കു കുതിച്ചുചാടി. ലക്ഷ്യം സാധിക്കുന്നതുവരെ നിരന്തരം പോരാടാൻ തയ്യാറായതിനു ദൈവം കനിഞ്ഞുനൽകിയ സമ്മാനമായിരുന്നു ആ വെണ്ണക്കട്ടി.



നാം എപ്പോഴൊക്കെ നിരന്തരമായ പരിശ്രമത്തിനു തയ്യാറാകുന്നുവോ അപ്പോഴൊക്കെ വിജയം നമ്മുടേതായിരിക്കും.

# കരുണയില്ലെങ്കിൽ കരളും കല്ലും തമ്മിൽ എന്തു വ്യത്യാസം?

## പുണ്യക്കൂട്



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**പാ**രിന്റെ പരിത്രാണകനായ ക്രിസ്തു പിറന്ന പുല്ക്കൂട് പുണ്യങ്ങളുടെ കൂടാണ്. മഞ്ഞിൽ മിഴിതുറന്ന മലരുകൾപോലെ പുണ്യങ്ങൾ പുല്ക്കൂട്ടിൽ പരിലസിക്കുന്നുണ്ട്.

**1. കരുതൽ**

മറ്റുള്ളവരുടെ കാര്യത്തിൽ കാണിക്കുന്ന ശ്രദ്ധയും താൽപര്യവുമാണ് കരുതൽ. ദൈവത്തിന് മനുഷ്യമക്കളോടുള്ള കരുതലിന്റെയും ശ്രദ്ധയുടെയും പ്രതീകമാണ് അവിടുന്ന് പാരിലൊരുക്കിയ പുല്ക്കൂട്. മനുഷ്യനെയും അവനു നല്കിയ വാഗ്ദാനത്തെയും തന്റെ സ്മൃതിപഥത്തിൽ സൂക്ഷിച്ച്, കരതലങ്ങളിൽ പേരുപോലും കുറിച്ചിട്ടു കരുതുന്നവനാണ് കർത്താവ്. മനുഷ്യരാശി മഹാനാശത്തിൽ പതിക്കാതെ പരിരക്ഷിക്കപ്പെടണമെന്ന് തിരുവുള്ളമാകുന്ന ദൈവത്തെ പുല്ക്കൂട്ടിൽ ദർശിക്കാം.

മനുഷ്യത്വത്തിന്റെ പ്രകടനമാണ് കരുതൽ. കുരുവിക്കുപോലും കരുതലുള്ള പ്രപഞ്ചത്തിൽ തമ്മിൽ തഴയാനല്ല, താങ്ങാനാണ് മനുഷ്യർക്കു മനസ്സുണ്ടാകേണ്ടത്. കരുതേണ്ടവരെ കുരുതികൊടുക്കാതിക്കാൻ മക്കളും മാതാപിതാക്കളും ഒരുപോലെ ശ്രദ്ധിക്കട്ടെ. ചേർത്തുനിർത്തേണ്ടവരെ ജീവിതപങ്കാളികൾ ചവറ്റുകൊട്ടയിൽ തള്ളാതിരിക്കട്ടെ. വൃദ്ധരെയും വ്യാധിതരെയും പുതുതലമുറ വഴിയോരങ്ങളിൽ ഉപേക്ഷിക്കാതിരിക്കട്ടെ. കുഞ്ഞുന്നാളിലും കല്യാണനേരവുമൊക്കെ കരം പിടിക്കുന്നത് കൺമണിപോലെ കാത്തുകൊള്ളാം എന്നതിന്റെ ഉറപ്പുകൂടിയാണെന്നു മറക്കരുത്. പുകഞ്ഞ കൊള്ളികളായി ആരും പുറത്തെറിയപ്പെടാതിരിക്കട്ടെ. കരുതലിന്റെ അഭാവത്തിൽ നിസ്സംഗത, നിർവികാരത, ക്രൂരത എന്നിവ മനുഷ്യബന്ധങ്ങളിൽ പെരുകും. അവ ബന്ധങ്ങളെ ബന്ധനങ്ങളാക്കും.

**2. കരുണ**

പുല്ക്കൂട് കരുണ എന്ന പുണ്യത്തിന്റെ കൂടാണ്. മറ്റുള്ളവരുടെ ദുരിതങ്ങളെക്കുറിച്ചുള്ള അനുകമ്പാർദ്രമായ അവബോധവും അവ ലഘൂകരിക്കാനുള്ള ആഗ്രഹവുമാണ് കരുണ. വിണ്ണിൽനിന്നു മണ്ണിലേക്കു വീശിയ കരുണയുടെ കിരണമാണ് പുല്ക്കൂട്ടിലെ പൈതൽ. കാലിത്തൊഴുത്ത് ഒരു കനകസക്രാരിയായി മാറിയത് കാരുണ്യരൂപനായ കർത്താവ് അതിൽ കന്യാജാതനായതുകൊണ്ടാണ്. കടലോളം കനിവ് അതിൽ കരകവിഞ്ഞുകിടപ്പുണ്ട്. കാരുണ്യത്തിന്റെ ലാവണ്യം അവിടെ പ്രസരിക്കുന്നുണ്ട്.

കരുണ കാണിക്കാനുള്ള കഴിവ് ദൈവം മനുഷ്യനുമാത്രമേ കൊടുത്തിട്ടുള്ളൂ. കാരണം, അനുകമ്പയുടെ ആർദ്രതയിൽ കുഴച്ചെടുത്ത കളിമണ്ണിൽ അവിടുത്തെ സ്വന്തം സാദൃശ്യത്തിലാണ് മനുഷ്യൻ മെനയപ്പെട്ടിട്ടുള്ളത്. മണ്ണിലെ ആയുസ്സിന് അടിസ്ഥാനപരമായി മനസ്സലിവിന്റെ ദൈർഘ്യമാണുണ്ടാകേണ്ടത്. സഹതാപം അർഹിക്കുന്നവരിൽ സ്വന്തം മുഖം കണ്ടെങ്കിൽ മാത്രമേ അവരെ സഹായിക്കാൻ സാധിക്കൂ. അപരന്റെ ആപത്തുകളും ആശങ്കകളുമൊക്കെ അകലെനിന്ന് ആസ്വദിക്കേണ്ടവയല്ല. അടുത്തുചെന്ന് അകറ്റേണ്ടവയാണ്. കരുണയില്ലെങ്കിൽ കരളും കല്ലും തമ്മിൽ വലിയ വ്യത്യാസമുണ്ടാകില്ല. സങ്കടപ്പെടുന്നവരോടൊപ്പം സ്മാർട്ട് ഫോണിൽ സെൽഫിയെടുക്കാൻ തിടുക്കം കാട്ടാതെ കണ്ണീർ തുടയ്ക്കാൻ കരം നീട്ടാം. ദയയുടെ ദനാറയൊന്ന് ഹൃദയത്തിൽ കരുതുന്നതു നന്ന്. കരുണയുടെ കിണറ് വറ്റിയാൽ ബന്ധങ്ങളിൽ വിദ്വേഷത്തിന്റെ വിള്ളലുകളുണ്ടാകും. സഹജീവികളോട് സഹതാപപൂർവം വർത്തിക്കാം. കരുണയുടെ ഒരു കൈത്തൂവാലയായി മരണനേരംവരെ വ്യാപരിക്കാൻ പരിശ്രമിക്കാം.

**3. സമർപ്പണം**

പുല്ക്കൂട് സമർപ്പണം എന്ന പുണ്യത്തിന്റെ കൂടാണ്. ബുദ്ധിപരമായോ വൈകാരികമായോ എന്തിനോടെങ്കിലും സ്വയം ബന്ധിപ്പിക്കുന്ന പ്രവൃത്തിയാണ് സമർപ്പണം. നരരക്ഷയെന്ന വലിയ വിലകൊടുക്കേണ്ട ചുമതല ഏറ്റെടുത്ത് അതിനായി സ്വജീവൻപോലും സമർപ്പിക്കാൻ പ്രതിജ്ഞാബദ്ധനായി മനുഷ്യരൂപനായി പിറന്ന പുത്രദൈവത്തിന്റെ പൊൻമുഖം കച്ചിമെത്തയിൽ കാണാം. കാൽവരിയിലെ പ്രാണാർപ്പണത്തിനു തുടക്കമായുള്ള തൊഴുത്തിലെ ത്യാഗാർപ്പണം. ഒപ്പം, വിശ്വവിമോചകന്റെ വരവിനും അതുവഴി ആരംഭം കുറിക്കുന്നു.

ആരോടോ എന്തിനോടോ ഒക്കെ പ്രതിബദ്ധതയില്ലാതെ മനുഷ്യനു ജീവിക്കാൻ പറ്റില്ല. കുടുംബത്തോടും കടമകളോടും ബന്ധങ്ങളോടും തൊഴിലിനോടും നിലപാടുകളോടും തീരുമാനങ്ങളോടും വാഗ്ദാനങ്ങളോടും ആദർശങ്ങളോടുമെല്ലാം മനുഷ്യനു പ്രതിബദ്ധതയുണ്ട്. ചെയ്യുന്ന പ്രവൃത്തികളിൽ സ്വന്തം മെയ്യും മനവും ഹൃദയവും നിക്ഷേപിക്കലാണ് സമർപ്പണം. അവിടെ സ്വാർത്ഥതയ്ക്കു സ്ഥാനമില്ല. സ്വയംദാനം, സത്യസന്ധത, സ്ഥിരോത്സാഹം എന്നിവയാണ് അർപ്പണത്തിന്റെ അംഗരക്ഷകരും അകമ്പടിസേവകരും. അർപ്പണത്തിന്റെ ആഴം കുറഞ്ഞാൽ ഉപേക്ഷയും വീഴ്ച വരുത്തലുമൊക്കെ ജീവിതത്തിന്റെ ഭാഗമാകും. അവ അപജയങ്ങൾക്ക് അവസരമൊരുക്കും.

**4. എളിമ**

പുല്ക്കൂട് എളിമ എന്ന പുണ്യത്തിന്റെ കൂടാണ്. സ്വന്തം മൂല്യത്തെ വിനയപുരസ്സരം വീക്ഷിക്കലാണ് എളിമ. അഹത്തെ അതിജീവിക്കലാണ് അത്. താഴ്മയുടെ താഴത്തെത്തട്ടാണ് തൊഴുത്ത്. തിന്മയുടെ തമോഗർത്തത്തിൽനിന്നു മാനവവംശത്തെ മോചിപ്പിക്കാൻ തൊഴുത്തോളം താഴ്ന്ന്, മുഴമൊന്നുപോലുമില്ലാത്ത പുല്ക്കൂട്ടിലെ പഴയ വയ്ക്കോൽമീതെ അവതരിച്ച ദൈവകുമാരൻ.



എളിമയ്ക്ക് ഏഴഴകാണ്. ഒരാളുടെ അസ്തിത്വത്തിനും വ്യക്തിത്വത്തിനും മങ്ങാത്ത മനോഹാരിത ചാർത്തുന്നത് അയാൾ അണിയുന്ന ആടകളോ ആഭരണങ്ങളോ അല്ല; പിന്നെയോ, അഭ്യസിക്കുന്ന എളിമയാണ്. നിഗളത്തിന്റെ മുനയൊടിക്കുന്ന ഒന്നാണ് എളിമ. ജീവിതവ്യാപാരങ്ങൾക്ക് താഴ്മയുടെ തങ്കവർണമുണ്ടെങ്കിൽ അവയുടെ പൊലിമ വലുതായിരിക്കും. കഴുത്തോളം നിഗളിച്ചുള്ള നടപ്പ് നല്ലതിനല്ല. വിനയം ഒരു നയം ആയിരിക്കണം. ഒരാൾ താൻ ആയിരിക്കുന്ന അവസ്ഥയിൽ തന്നെ മനസ്സിലാക്കിയിട്ടില്ല എന്നതിന്റെ അടയാളമാണ് അയാളുടെ അഹന്ത. എളിമയുടെ തെളിമ കെട്ടുപോയാൽ തട്ടിവീഴാനേ നേരം കാണൂ. എന്തിനും എവിടെയും താഴ്ന്നുകൊടുക്കലല്ല താഴ്മ. താനൊന്നുമല്ല, തനിക്കൊന്നുമില്ല എന്ന് ഒരാൾ സ്വയം തരംതാഴ്ത്തി സംസാരിക്കുന്നതുമല്ല എളിമ. എല്ലാമുള്ളപ്പോഴും എന്തൊക്കെയോ ആകുമ്പോഴും മനുഷ്യപ്പറ്റെന്ന അടിസ്ഥാനമൂല്യം കൈവിടാതെ തികച്ചും സാധാരണക്കാരെപ്പോലെ വചിക്കാനും വർത്തിക്കാനുമുള്ള സിദ്ധിയുടെ പേരാണ് വിനയം. സ്വന്തം വിളിപ്പേരിന്റെ നിഴലായി എളിമ എന്ന മൂന്നക്ഷരങ്ങൾ തെളിയുന്നുണ്ടെങ്കിലേ ജീവിതത്തിനു തിളക്കമുണ്ടാകൂ.

**5. ഒരുമ**

പുല്ക്കൂട് ഒരുമ എന്ന പുണ്യത്തിന്റെ കൂടാണ്. ആളുകൾ അന്യോന്യം യോജിച്ചുനില്ക്കുന്ന അവസ്ഥയാണ് ഐക്യം. ചെകുത്താൻ ചിതറിച്ചുനിർത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന മനുഷ്യവംശത്തെ ചേർത്തുപിടിക്കാൻ കർത്താവ് വിരിച്ച കരങ്ങളാണ് പിള്ളക്കച്ചയിൽ കിടക്കുന്ന പൊടിക്കുഞ്ഞിനുള്ളത്. സകലരെയും ഒത്തൊരുമയുടെ ഒറ്റനൂലിൽ കോർത്തെടുക്കാൻ മണ്ണിൽ കണ്ണുതുറന്ന ദൈവം.

സമൂഹജീവിയായ മനുഷ്യന്റെ അടിസ്ഥാനസ്വഭാവം ഐക്യമായിരിക്കണം. സഹവാസത്തിന്റെ സ്ഥലമാണ് സൃഷ്ടപ്രപഞ്ചം. നാനാത്വത്തിലെ ഏകത്വത്തിന്റെ മാഹാത്മ്യത്തിന് മൂല്യച്യുതി വരാതിരിക്കാൻ മനുഷ്യൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഒരുമയുടെ മാതൃക തേടി ഒരിടത്തും അലഞ്ഞുതിരിയേണ്ട കാര്യമില്ല. സ്വന്തം കൈകാലുകളിലെ വിരലുകളുടെ സ്വരുമ നോക്കിയാൽമാത്രം മതി. അവയെല്ലാംതന്നെ ആകൃതിയിലും വലുപ്പത്തിലും പരസ്പരം വിഭിന്നങ്ങളാണ്. അവയുടെ ഉപയോഗങ്ങളും വിവിധങ്ങളാണ്. എങ്കിലും, അവ ഒരുമിച്ചുനില്ക്കുന്നു. ഒന്നിനേല്ക്കുന്ന നൊമ്പരം എല്ലാവരുടേതുമാണ്. വിരലുകൾ വരച്ചുകാട്ടുന്ന ഏകതയുടെ ചിത്രമാണ് ഭൂമിയിലെ ഏറ്റവും കമനീയമായ കലാസൃഷ്ടികളിലൊന്ന്. ഒന്നിലധികംപേരുള്ളിടത്ത് അഭിപ്രായവ്യത്യാസങ്ങളും വാക്കുതർക്കങ്ങളും ഒരിക്കലും ഉണ്ടാവില്ല എന്നല്ല, അവയ്ക്ക് അല്പായുസ്സുമാത്രമേ അനുവദിക്കാവൂ എന്നാണ് അർഥമാക്കുന്നത്. ലോകത്തിന്റെ കുതിപ്പിലും കിതപ്പിലും, വളർച്ചയിലും വിളർച്ചയിലും, ശേഷികളിലും ശോഷണങ്ങളിലും മനുഷ്യർ കരംകോർത്തു നില്ക്കണം.

**6. സമാധാനം**

പുല്ക്കൂട് സമാധാനം എന്ന പുണ്യത്തിന്റെ കൂടാണ്. അസ്വസ്ഥതകളിൽനിന്നു സ്വതന്ത്രമായ അവസ്ഥയാണ് സമാധാനം. പാപവേഴ്ചകളുടെ വാഴ്ചയിലും വീഴ്ചകളിലുംപെട്ട് സ്വസ്ഥത നഷ്ടപ്പെട്ട നരരെ സന്മനസ്സുള്ളവരാക്കി സ്ഥായിയായ സമാധാനം സമ്മാനിക്കാൻ പിറന്ന ദൈവസൂനുവാണ് കാലിത്തൊഴുത്തിൽ കൺതുറന്നത്. അവന്റെ ആഗമനത്തോടെ സ്വർഗത്തിന്റെ സ്വസ്ഥത പാരിനെ പൊതിഞ്ഞു. ശാശ്വതമായ ശാന്തിയുടെ കാന്തി പ്രപഞ്ചമാകെ പരന്നു. ഊഴിയിൽ ഉടലെടുത്തപ്പോൾമുതൽ ഉയിരോടെ ഉയിർത്തപ്പോൾവരെ അവന് നല്കാനുണ്ടായിരുന്നത് സമാധാനം തന്നെ.

ജനിമൃതികൾക്കിടയിലെ ജീവിതകാലത്ത് സ്വായത്തമാക്കാൻ മനുഷ്യൻ വല്ലാതെ വാഞ്ഛിക്കുന്ന ഒന്നാണ് സമാധാനം. സമ്പത്തും സൗകര്യങ്ങളും സ്ഥാനമാനങ്ങളുമൊക്കെ ആവശ്യത്തിലധികമുണ്ടെങ്കിലും ഉള്ളിൽ സ്വൈരമില്ലെങ്കിൽ സകലതും പൊള്ളയായിപ്പോകും. അതുകൊണ്ടാണ് എന്തുവിലകൊടുത്തും അതു നേടാൻ മനുഷ്യൻ പ്രയത്നിക്കുന്നത്. തീരായുദ്ധങ്ങൾ, മതതീവ്രവാദം, ഭീകരപ്രവർത്തനങ്ങൾ, തൊഴിലില്ലായ്മ, പ്രകൃതിക്ഷോഭങ്ങൾ, മാറാവ്യാധികൾ എന്നിങ്ങനെ മനുഷ്യന്റെ മനസ്സമാധാനം കെടുത്തുന്ന കാരണങ്ങൾ പലതുണ്ട്. അവയുടെയൊക്കെ നടുവിലും കാറ്റിലുലയുന്ന കൊമ്പിലിരുന്ന് പാട്ടുപാടുന്ന പക്ഷിയുടെ പ്രശാന്തത കൈവരിക്കാൻ ക്രിസ്തു ജീവിതത്തിൽ നിറയുന്നവർക്കു സാധിക്കും. അനുദിനജീവിതത്തിലുണ്ടാകുന്ന ആകുലതകൾ, രോഗങ്ങൾ, നഷ്ടങ്ങൾ, ഭയങ്ങൾ, സഹനങ്ങൾ ആദിയായവയുടെയൊക്കെ മധ്യത്തിലും കർത്താവ് കൂട്ടുള്ളവരാണ് ക്രിസ്ത്യാനികൾ. നസ്രായൻ നമ്മുടെ വഞ്ചിയിലുണ്ടെങ്കിൽ നെഞ്ച് നീറേണ്ടതില്ല. അവൻ വള്ളത്തിലുണ്ടെങ്കിൽ അതിൽ വെള്ളം കയറുമെന്നോർത്ത് ഉള്ളം കലങ്ങേണ്ട കാര്യമില്ല. പരിപാലിക്കുന്നവൻ പടവിലുണ്ടെങ്കിൽ പേടി പാടില്ല സമാധാനത്തിലേക്കുള്ള വഴി തേടി സമയം പാഴാക്കാതെ സ്വയം സമാധാനമാകുന്ന വഴിയാകാൻ പരിശ്രമിക്കാം. സംഭാഷണവും സഹകരണവുമാണ് സമാധാനത്തിന്റെ സ്തൂപങ്ങൾ. മനഃശാന്തി മായുമ്പോൾ ഭയം ഭരണം ആരംഭിക്കും. കോപം, കലാപം, അക്രമം, ആകുലത, മാനസികവിഭ്രാന്തി തുടങ്ങിയവ ജീവിതനിയന്ത്രണം ഏറ്റെടുക്കും. കുടുംബം സമാധാനത്തിന്റെ കൂടാരമായിരിക്കണം.

(തുടരും)





ഡോ. ജസ്റ്റിൻ തോമസ്

# മരണത്തെ മറികടന്നപ്പോൾ

മൂന്നു സഹോദരന്മാർ മരിച്ച ഒരു നാല്പതുവയസ്സുകാരൻ ഭാര്യയെയും രണ്ടു കുട്ടികളെയും കൂട്ടി എന്റെ അടുക്കൽ വന്നു. ഇദ്ദേഹത്തിന്റെ സഹോദരങ്ങൾക്ക് വൈദ്യശാസ്ത്രത്തിനു തെളിയിക്കാൻ പറ്റാത്ത (Idiopathic) രോഗാവസ്ഥകളായിരുന്നു. നാല്പതിനും നാല്പത്തിയഞ്ചിനും ഇടയിലാണ് സഹോദരങ്ങൾ മരിച്ചത്. താൻ ഏതാനും വർഷങ്ങൾക്കുശേഷം മരിക്കുമെന്ന അമിതഭയം(Thanatophobia) ഇദ്ദേഹത്തെ ബാധിച്ചിരുന്നു(https://en.wikipedia.org/wiki/Death_anxiety/). രാഹുലിന്റെ ഈ അവസ്ഥ അദ്ദേഹത്തിന്റെ അനുദിനജീവിതത്തെ സാരമായി ഉലച്ചു. മരണത്തെക്കുറിച്ചുള്ള അമിതചിന്ത(Death Obession)യിൽ നിന്നു പുറത്തുകടക്കാൻ ഇദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല.

**മരണഭയവും പെരുമാറ്റരീതികളും**

രാഹുലിന്റെ മരണഭയം അദ്ദേഹത്തിന്റെ വിശ്വാസങ്ങളെയും ചിന്തകളെയും നെഗറ്റീവായി ബാധിച്ചു. അത്തരം വിശ്വാസങ്ങളും ചിന്തകളും അദ്ദേഹത്തിന്റെ പെരുമാറ്റരീതികളെ വിചിത്രവും മറ്റുള്ളവർക്ക് ഉൾക്കൊള്ളാൻ കഴിയാത്തതുമാക്കി മാറ്റി. താഴെക്കൊടുക്കുന്ന പ്രശ്നങ്ങൾ അദ്ദേഹത്തിൽ കണ്ടുതുടങ്ങി.

- അമിതമായ അരിശം
- വ്യക്തികളിൽനിന്നും സാഹചര്യങ്ങളിൽനിന്നും ഒഴിഞ്ഞുമാറൽ.
- എല്ലാറ്റിനെയും നെഗറ്റീവായി കാണുന്ന രീതി
- ഭക്ഷണം കഴിക്കുവാനുള്ള മടുപ്പ്
- ഉറക്കമില്ലായ്മ
- ഒറ്റയ്ക്കിരുന്നു കരയുക
- ശ്രദ്ധയില്ലായ്മ

താൻ ഒന്നും നേടിയില്ല എന്ന തോന്നൽ അദ്ദേഹത്തെ അലട്ടിക്കൊണ്ടേയിരുന്നു. മേൽസൂചിപ്പിച്ച പ്രശ്നങ്ങൾ കുടുംബജീവിതത്തെ സാരമായി ബാധിച്ചുതുടങ്ങിയപ്പോളാണ് ഇവർ കൗൺസലിങ്സഹായം തേടിയത്. കാരണം, ഇയാളുടെ പ്രശ്നങ്ങൾ പലതും ഉത്ഭവിച്ചത് മനസ്സിൽ ചിന്തിക്കുന്നവ ശരീരത്തിൽ നെഗറ്റീവായി പ്രതിഫലിക്കുന്ന രീതിയിലായിരുന്നു. ഇദ്ദേഹത്തിന്റെ മരിച്ച സഹോദരങ്ങളും രാഹുലിന്റേതായ പ്രശ്നങ്ങളിലൂടെ കടന്നുപോയിരുന്നു എന്ന് രാഹുലിന്റെ ഭാര്യ പറഞ്ഞു.

**രാഹുലിന്റെയും സഹോദരങ്ങളുടെയും പ്രശ്നങ്ങളെക്കുറിച്ചറിയാനുള്ള യാത്രകൾ!**

രാഹുലിന്റെ സഹോദരങ്ങൾ മരിക്കുന്നത് വൈദ്യശാസ്ത്രത്തിനു തെളിയിക്കാൻ പറ്റാത്ത ചില കാരണങ്ങളാലാണെന്നു നേരത്തേ സൂചിപ്പിച്ചിരുന്നല്ലോ. അതിനാൽത്തന്നെ, സൈക്കോസൊമാറ്റിക് ഡിസോർഡർ എന്ന രീതിയിൽ മരണം വന്നുചേരുമോ എന്ന ചോദ്യം പ്രസക്തമായി. ഇന്ത്യയിലെ അറിയപ്പെടുന്ന ചില മനഃശാസ്ത്രവിദഗ്ധരുമായി ഈ കാര്യം ചർച്ച ചെയ്തപ്പോൾ അവർ മേൽസൂചിപ്പിച്ച സാധ്യത തള്ളിക്കളഞ്ഞുമില്ല. ഈ ചർച്ച എന്നെ എത്തിച്ചത് ഒരുപക്ഷേ, ഇദ്ദേഹത്തിന്റെ സഹോദരങ്ങൾ മരിച്ചത് മരണത്തെക്കുറിച്ചുള്ള അമിത ഉത്കണ്ഠമൂലമുണ്ടായ ശാരീരികപ്രശ്നങ്ങളാൽ ആണെങ്കിൽ, ഇപ്പോൾ രാഹുലിന്റെ മാനസികാവസ്ഥ മാറ്റിയാൽ, അദ്ദേഹം അഭിമുഖീകരിക്കുന്ന മാനസിക-ശാരീരിക പ്രശ്നങ്ങളിൽനിന്നു പുറത്തുകടക്കാം എന്ന ചിന്തയിലേക്കായിരുന്നു. എല്ലാം അറിയുന്ന കരുണാമയനായ സ്രഷ്ടാവ് അതിന് അനുവദിക്കുമെന്നു ഞാൻ വിശ്വസിച്ചു! ഇതു മനസ്സിൽ വച്ചുകൊണ്ട് കൗൺസലിങ്ലക്ഷ്യം തയ്യാറാക്കി.

**കൗൺസലിങ് ലക്ഷ്യം തയ്യാറാക്കലും പ്രവർത്തനപഥത്തിൽ എത്തിക്കലും**

ഈ ഒരു പ്രശ്നം വളരെ പ്രത്യേകമായി കണ്ടതിനാൽ താഴെപ്പറയുന്ന മൂന്നു കാര്യങ്ങൾ കൃത്യതയോടെ നടപ്പാക്കി.

1. ബോധ്യം നൽകൽ 2. തീരുമാനമെടുപ്പിക്കൽ 3. തീരുമാനം പ്രാവർത്തികമാക്കൽ

ബോധ്യം നൽകൽ എന്ന പ്രക്രിയയിൽ രാഹുലിന് തന്റെ അവസ്ഥ എന്താണെന്നും തന്റെ സഹോദരങ്ങളിൽ സംഭവിച്ചതെന്തായിരിക്കാമെന്നും ശാസ്ത്രീയമായി ബോധ്യം നൽകി. രണ്ടാംഘട്ടത്തിൽ, തീരുമാനമെടുപ്പിക്കൽപ്രക്രിയയിൽ രാഹുൽതന്നെ വിശ്വാസചിന്താപ്രവൃത്തിമേഖലകളിൽ മാറ്റം വരുത്താം എന്ന തീരുമാനമെടുത്തു. മൂന്നാമത്തെ പ്രാവർത്തികമാക്കൽ പ്രക്രിയയിൽ കൗൺസലിങ് പ്രക്രിയകളിലൂടെ കടന്നുപോയി, മാറ്റം ഏതൊക്കെ മേഖലകളിൽ വേണമെന്നു മനസ്സിലാക്കി, മാറ്റത്തെ ഉൾക്കൊണ്ടു.

**തന്റെ ഭയത്തെ രാഹുൽ എങ്ങനെ വെല്ലുവിളിച്ചു?**

ചില കാര്യങ്ങളെ നാം ചലഞ്ചു ചെയ്തേ മതിയാവൂ. ഭയത്തിനു കാരണമായ വിശ്വാസചിന്താവസ്തുതകളെ നാം ഒന്നുകിൽ സ്നേഹിക്കണം. അല്ലെങ്കിൽ 'നീ എനിക്കു നിസ്സാരമാണെന്ന്' ചലഞ്ച് ചെയ്യണം. "ജനിച്ചാൽ ഒരിക്കൽ മരിക്കണം. എന്റെ സ്രഷ്ടാവ് തീരുമാനിക്കാതെ ഞാൻ മരിക്കില്ല. അവിടുന്ന് എനിക്കു ദീർഘായുസ് തന്നിട്ടുണ്ട്" എന്ന ഉറച്ച ബോധ്യ(വിശ്വാസം)ത്തിലേക്കു രാഹുൽ എത്തി. ഈ ബോധ്യത്തിൽനിന്നുകൊണ്ട് 'നീ എനിക്കു നിസ്സാരമാണ്' എന്ന് ഭയത്തെ വെല്ലുവിളിച്ചു. ഇത് രാഹുലിന്റെ ചിന്താരീതിയിൽ തുടർച്ചയായ പോസിറ്റീവ് പാറ്റേൺ സൃഷ്ടിച്ചു. ഈ അവസ്ഥയിലേക്കു രാഹുലിനെ എത്തിക്കുവാൻ ഹിപ്നോതെറാപ്പി അവബോധപെരുമാറ്റ ചികിത്സ, റ്റോക് തെറാപ്പി, റിഫ്ളെക്സോളജി, എക്സ്പോഷർ തെറാപ്പി, NLP തെറാപ്പികൾ എന്നിവ ഉപയോഗിച്ചു.

**ഭയമുള്ള വ്യക്തിയും കുടുംബാംഗങ്ങളും**

സാധാരണരീതിയിൽ ഒരു വ്യക്തിക്ക് ഏതെങ്കിലും തരത്തിലുള്ള അമിതഭയമുണ്ടെങ്കിൽ കുടുംബാംഗങ്ങൾ ആ വ്യക്തിയെ കളിയാക്കുകയാണ് ചെയ്യാറ്. എന്നാൽ, അത് അമിതഭയം മാറുവാൻ കാരണമാകില്ല. അമിതഭയം ഉണ്ടാകുന്നത് താഴെപ്പറയുന്ന കാരണങ്ങളാലാണ്.

- പാരമ്പര്യഘടകങ്ങൾ
- പരിസ്ഥിതി (ചുറ്റുപാടുകൾ)
- ഉള്ളിൽ തറച്ച നെഗറ്റീവായ അനുഭവങ്ങൾ
- തലച്ചോറിന്റെ ചില പ്രവർത്തനങ്ങൾ

ആയതിനാൽത്തന്നെ കുടുംബാംഗങ്ങൾ ഇത്തരം പ്രശ്നം അനുഭവിക്കുന്നവരുടെ മാനസികാവസ്ഥ നന്നായി മനസ്സിലാക്കണം. കളിയാക്കലിനു പകരം പോസിറ്റീവായ സജഷൻസ് അവർക്കു നൽകാം.

- ചേട്ടൻ ധൈര്യശാലിയാണ്!
- മിനീ, നീ ഇതിലും വലിയ പ്രശ്നങ്ങളെ മറികടക്കും!
- മോനേ, നീ ധൈര്യമുള്ള കുട്ടിയാണെന്നെനിക്കറിയാം!
- മോളെ, നീയൊരു സംഭവമാ... ധൈര്യമായിട്ടിരിക്ക്!

മേൽസൂചിപ്പിച്ച രീതികളിലുള്ള വാക്യങ്ങൾ അവരുടെ ധൈര്യത്തെ വർധിപ്പിക്കും. ഒപ്പംതന്നെ അമിതഭയം ഒരു മാനസികപ്രശ്നംതന്നെയാണെന്നു മനസ്സിലാക്കി ഒരു പരിശീലനം ലഭിച്ച ആളുടെ അടുക്കൽ പ്രസ്തുത വ്യക്തിയെ എത്തിക്കണം. ചില അവസരങ്ങളിൽ കൗൺസലിങ്ങിനൊപ്പം മരുന്ന് ആവശ്യമായി വരാം. രാഹുലിന്റെ കുടുംബാംഗങ്ങൾ - ഭാര്യ, മക്കൾ, മാതാപിതാക്കൾ - അദ്ദേഹത്തെ മനസ്സിലാക്കി സഹകരിച്ചത് പ്രശ്നങ്ങളിൽനിന്നു വേഗത്തിൽ പുറത്തുകടക്കാൻ അദ്ദേഹത്തെ സഹായിച്ചു.



**ഇന്നത്തെ രാഹുലിന്റെ അവസ്ഥ**

ഏഴുവർഷങ്ങൾക്കുമുമ്പ് നടന്ന ഈ കൗൺസലിങ് അനുഭവം ഇന്നെഴുതുവാൻ കാരണം രാഹുൽ ജീവിച്ചിരിക്കുന്നു എന്നതാണ്. സൈക്കോസോമാറ്റിക് ഡിസോർഡറിന്റെ ഭാഗമായി എരിഞ്ഞടങ്ങേണ്ടിയിരുന്ന രാഹുലിന്റെ ജീവൻ ഇന്നു മുമ്പോട്ടു കുതിക്കുന്നു. ജീവിതത്തെക്കുറിച്ചുള്ള വലിയ പ്രതീക്ഷകളും നേട്ടങ്ങൾക്കുവേണ്ടിയുള്ള പരിശ്രമവും സ്രഷ്ടാവിലുള്ള ഉയർന്ന വിശ്വാസവും രാഹുലിന്റെ ജീവിതം മനോഹരമാക്കുന്നു. ഈ ലേഖനം ഞാൻ എഴുതുവാനുള്ള പ്രധാന കാരണം മനസ്സിൽ ചിന്തിച്ച് രോഗിയായി, മരിക്കുന്ന അനേകരുണ്ടെന്ന വസ്തുതയാണ്. നമ്മുടെ ജീവിതം മനോഹരമാക്കാൻ നമ്മുടെ വിശ്വാസങ്ങളെയും ചിന്തകളെയും വാക്കുകളെയും പ്രവൃത്തികളെയും പോസിറ്റീവാക്കുക, ക്രിയാത്മകമാക്കുക. ■



നേർമൊഴി

ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# ബീഹാറിൽ എന്തുകൊണ്ട് നിധീഷ്കുമാർ?

**ബീ**ഹാർ നിയമസഭാതിരഞ്ഞെടുപ്പിൽ അപ്രതീക്ഷിതമായ ഒന്നും സംഭവിച്ചില്ല. സർവേഫലങ്ങൾ പ്രവചിച്ചതിനേക്കാൾ മികച്ച വിജയം എൻഡിഎ മുന്നണി നേടി. കോൺഗ്രസ് അക്ഷരാർഥത്തിൽ തറപറ്റി. ഇന്ത്യാമുന്നണി കടലാസുമുന്നണിയാണെന്നു ചിന്തിക്കാൻ രാഷ്ട്രീയനിരീക്ഷകരെ പ്രേരിപ്പിച്ചു.

നിതീഷ്കുമാറിന്റെ ജനതാദൾ യുണൈറ്റഡിനേക്കാൾ കൂടുതൽ സീറ്റു നേടിയത് ബിജെപിയാണ്. ഏറ്റവും വലിയ ഒറ്റക്കക്ഷിയുടെ നേതാവാണ് സാധാരണനിലയിൽ മുഖ്യമന്ത്രിയാവുക. എന്നാൽ, ബീഹാറിൽ നിതീഷ്കുമാർതന്നെ മുഖ്യമന്ത്രിയായി ചുമതലയേറ്റു. പത്താംതവണയാണ് നിതീഷ് ആ സ്ഥാനത്ത്. ഭൂരിപക്ഷം ഇല്ലാത്തിടത്തുപോലും മന്ത്രിസഭയുണ്ടാക്കാനും ഇഷ്ടക്കാരെ അവിടെ മുഖ്യമന്ത്രിസ്ഥാനത്തു പ്രതിഷ്ഠിക്കാനും തന്ത്രം പ്രയോഗിക്കാറുള്ള ബിജെപി പക്ഷേ, ആ സാഹസത്തിനു മുതിർന്നില്ല. കാരണം, നിതീഷ്കുമാറിനെ അവർക്കു നന്നായറിയാം. നിതീഷ്കുമാറിന് ബീഹാർജനതയ്ക്കുമേൽ വലിയ സ്വാധീനമുണ്ട്. അദ്ദേഹം പാർട്ടി മാറിയാലും മുന്നണി മാറിയാലും ജനം അദ്ദേഹത്തോടൊപ്പമാണ്. ജനങ്ങൾക്ക് അദ്ദേഹത്തെ അത്ര വിശ്വാസമാണ്. ഈ വിശ്വാസം അദ്ദേഹം വികസനനായകനായതുകൊണ്ടല്ല; മറ്റു പല കാരണങ്ങളാലുമാണ്.

ഒന്നാമത്തേത്, ബീഹാറിന്റെ മനസ്സറിഞ്ഞു പ്രവർത്തിക്കാനുള്ള പ്രത്യേകകൗശലം അദ്ദേഹത്തിനുണ്ടെന്നുള്ളതാണ്. ജാതിമതസമവാക്യങ്ങളെ വിജയകരമായി കൈകാര്യം ചെയ്യാൻ നിതീഷ്കുമാറിന് മറ്റാരേക്കാളും വശമുണ്ട്. ഇന്ന് ഉത്തരേന്ത്യൻസംസ്ഥാനങ്ങളുടെയെല്ലാം ഭാവി നിശ്ചയിക്കുന്നത് ജാതിമതസമവാക്യങ്ങളാണ്. കോൺഗ്രസ് ഭരണകാലത്ത് മതേതരത്വത്തിന്റെ പേരിൽ ജാതിമതശക്തികളെ രാഷ്ട്രീയോപകരണങ്ങളാക്കി മാറ്റിയിരുന്നില്ല. ഈ സ്ഥിതിക്കു മാറ്റമുണ്ടായത് 1989 ൽ മണ്ഡൽ കമ്മിറ്റി റിപ്പോർട്ടു വന്നതിനുശേഷമാണ്. 1992 ൽ നരസിംഹറാവു മന്ത്രിസഭയുടെ കാലത്താണ് മണ്ഡൽ റിപ്പോർട്ട് പ്രാബല്യത്തിൽവന്നത്. ജാതിവ്യവസ്ഥയിൽ വേരൂന്നിയ ബീഹാറിലെ പട്ടികവർഗ, പട്ടികജാതി വിഭാഗങ്ങളെയും ഇതര ദുർബലവിഭാഗങ്ങളെയും കൂടെനിർത്താൻ നിതീഷിനു സാധിക്കും. സവർണവിഭാഗത്തെ മാത്രം മാനിച്ചുവന്നിരുന്ന മറ്റു നേതാക്കന്മാരിൽനിന്നു നിതീഷ്കുമാർ വ്യത്യസ്തനായത് ഇക്കാരണത്താലാണ്. അധഃസ്ഥിതജനവിഭാഗത്തിന്റെ വീരനായകപട്ടം അദ്ദേഹം നേടിയെടുത്തു. ജനത്തിന്റെ വിശ്വാസമാണ് വോട്ടായി മാറുന്നത്.



രണ്ടാമത്തെ കാര്യം, ഭരണത്തിലെത്തിയപ്പോൾ അദ്ദേഹം നിയമവാഴ്ച പുനഃസ്ഥാപിച്ചുവെന്നതാണ്. കളവും കൊലയും തട്ടിക്കൊണ്ടുപോകലും പതിവായിരുന്ന സംസ്ഥാനത്ത് നിതീഷ്കുമാർ ക്രമസമാധാനനില ഭദ്രമാക്കിയതിനെ ജനം താത്പര്യപൂർവം ഏറ്റെടുത്തു. സ്ത്രീകൾക്കും കുട്ടികൾക്കും പരിരക്ഷ ഉറപ്പാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചത് അദ്ദേഹത്തിന്റെ ജനപ്രീതി വർധിപ്പിച്ചു. ബീഹാറിൽ അവഗണിക്കപ്പെട്ടവരുടെ പട്ടികയിലായിരുന്നു സ്ത്രീകളുടെ സ്ഥാനം. സ്ത്രീശക്തീകരണത്തിന്റെ ഫലമായി ബീഹാറിൽ വനിതാവോട്ടർമാരുടെ എണ്ണം വർധിപ്പിച്ചു. ഇപ്പോൾ പുരുഷവോട്ടർമാരേക്കാൾ കൂടുതൽ വനിതാവോട്ടർമാരാണ്. പുതുതായി ശക്തിപ്രാപിച്ച സ്ത്രീശക്തി നിതീഷിന് അനുകൂലമായി. നിതീഷ് ഏതുമുന്നണിയിൽ നില്ക്കുന്നുവെന്നു നോക്കിയല്ല ജനങ്ങൾ വോട്ടു ചെയ്യുന്നത്. നിതീഷ്കുമാറിനാണ് വോട്ട്. അതറിയാവുന്ന നിതീഷ് രാഷ്ട്രീയകാലാവസ്ഥ കൃത്യമായി നിരീക്ഷിച്ച് ജയസാധ്യതയുള്ള മുന്നണി തിരഞ്ഞെടുക്കുന്നതിൽ വിജയിക്കുന്നു. കാലുമാറ്റമോ കൂറുമാറ്റമോ ജനങ്ങൾ വിഷയമാക്കുന്നില്ല.

നിതീഷ് പ്രായത്തിന്റെയും ആരോഗ്യത്തിന്റെയും തലത്തിൽ ദുർബലനും ക്ഷീണിതനുമാണ്. അഴിമതിരഹിതഭരണമാണ് അദ്ദേഹത്തിന്റേതെന്ന് ഉറപ്പിച്ചുപറയാൻ ജനങ്ങൾ തയ്യാറുമല്ല. എന്നിട്ടും അവർ അദ്ദേഹത്തെ കൈവിടാൻ മടിക്കുന്നത് ഉള്ളതിൽഭേദം അദ്ദേഹം തന്നെ എന്ന തിരിച്ചറിവാണ്.

മദ്യനിരോധനം ഏർപ്പെടുത്തുകയും ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്തത് ബീഹാറിലെ കുടുംബിനികൾക്ക് ആശ്വാസമായി. മദ്യനിരോധനം അപ്രായോഗികമാണ്, മദ്യപാനം ആഗോളപ്രതിഭാസമാണ്, അത് ഓരോരുത്തരുടെയും സ്വാതന്ത്ര്യമാണ് എന്നൊക്കെയുള്ള വാദഗതികൾ നിലനില്ക്കെയാണ് മദ്യനിരോധനത്തിന്റെ ഗുണഫലങ്ങൾ വോട്ടാക്കിമാറ്റാൻ അദ്ദേഹത്തിനു സാധിച്ചത്. സ്ത്രീകളെ ലക്ഷപ്രഭുക്കളാക്കി മാറ്റുമെന്നുള്ള പ്രഖ്യാപനത്തിൽ ഇത്തവണ വീണു. അങ്ങനെ നിതീഷ് വിജയം ഒരു ശീലമാക്കി മാറ്റി.

■

# ഫാ. സെബാസ്റ്റ്യൻ അടപ്പശേരിൽ സന്ന്യാസജീവിതത്തിലേക്ക്

തകിടി: കുന്നോന്നി തകിടി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയോടനുബന്ധിച്ചു സ്ഥാപിതമായിരിക്കുന്ന സഹദേക്കുന്ന് ദയറായിൽ ഫാ. സെബാസ്റ്റ്യൻ അടപ്പശ്ശേരിൽ സന്ന്യാസജീവിതത്തിലേക്കു പ്രവേശിച്ചു. 'സെബസ്ത്യാനോസ് ദ് സ്ലീവാ' എന്ന പേരിൽ ഫാ. സെബാസ്റ്റ്യൻ അടപ്പശ്ശേരിലിനെ മാർ ജോസഫ് കല്ലറങ്ങാട്ട് വേർതിരിച്ചു വിശുദ്ധീകരിച്ചു.

നല്ലതണ്ണി മുറിഞ്ഞപുഴ മാർത്തോമാശ്ലീഹാ ദയറയിലെ സന്ന്യാസാധിപൻ ഡോ. സേവ്യർ കൂടപ്പുഴയച്ചന്റെ കീഴിൽ ഒരു വർഷത്തെ കാനോനിക നൊവിഷ്യേറ്റ് പൂർത്തിയാക്കിയ വൈദികനാണ് ഫാ. സെബാസ്റ്റ്യൻ അടപ്പശ്ശേരിൽ. സന്ന്യാസജീവിതത്തിന്റെ പൊതുജീവിതശൈലികൾ പിന്തുടർന്നുകൊണ്ടായിരിക്കും അച്ചൻ ഇവിടെ ആശ്രമജീവിതം ആരംഭിക്കുന്നത്. രൂപതാധ്യക്ഷന്റെ മുമ്പിൽ ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങൾ പാലിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തുകൊണ്ടാണ് അദ്ദേഹം തന്റെ സന്ന്യാസജീവിതത്തിലേക്കു പ്രവേശിച്ചത്. ഈ ജീവിതശൈലിയാൽ ആകർഷിക്കപ്പെടുന്നവർക്ക് അതിലേക്കു പ്രവേശനം നല്കുവാനും നോവിഷ്യേറ്റ് നൽകാനുമുള്ള അവകാശം അച്ചനുണ്ട്.

വിശുദ്ധ രക്തസാക്ഷികളുടെ ദയറാ എന്നർഥം നൽകുന്ന 'ദയറാ ദ് സഹദേ കന്തീശേ' എന്നായിരിക്കും അച്ചൻ താമസിക്കുന്ന സ്ഥലം അറിയപ്പെടുന്നത്. സാമാന്യഭാഷയിൽ പറഞ്ഞാൽ സഹദേക്കുന്ന് ദയറാ. ഇപ്പോൾ പൂർണ സന്ന്യാസാശ്രമം ആയിട്ടല്ല സഹദേക്കുന്ന് പ്രവർത്തിക്കുന്നതെങ്കിലും ഭാവിയിൽ പൂർണ്ണ മൊണാസ്റ്റിക് ജീവിതശൈലി പിന്തുടരുന്ന ദയറയായി ഇതു മാറ്റപ്പെടും. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ കാർമികത്വത്തിൽ തകിടി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽവച്ച് തിരുക്കർമ്മങ്ങൾ നടത്തപ്പെട്ടു. പാലാ രൂപതയുടെ ദ്വിതീയമെത്രാനായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് സഹകാർമികനായി ശുശ്രൂഷകളിൽ സംബന്ധിച്ചു. നല്ലതണ്ണി മാർതോമ്മാശ്ലീഹാ ദയറയുടെ ആശ്രമാധിപൻ ഡോ. സേവ്യർ കൂടപ്പുഴ, പാലാ രൂപതയുടെ മുഖ്യ വികാരി



ജനറാൾ ഡോ ജോസഫ് തടത്തിൽ, വികാരി ജനറാൾ ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, പ്രോക്യൂറേറ്റർ ഡോ. ജോസ് മുത്തനാട്ട്, ഡോ. കുര്യൻ മുക്കാംകുഴി, ഫൊറോന വികാരിമാർ, വാഗമൺ കുരിശുമല ആശ്രമവാസികൾ, നല്ലതണ്ണി ആശ്രമവാസികൾ, മറ്റ് വൈദികർ, സന്യാസഭവനങ്ങളിലെ പ്രൊവിൻഷ്യൽസ്, സിസ്റ്റേഴ്സ്, തകിടി ഇടവകാംഗങ്ങൾ എന്നിവർ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചു.

ദീപനാളം വാരികയുടെ മുൻ എഡിറ്ററാണ് ഫാ. സെബാസ്റ്റ്യൻ അടപ്പശ്ശേരിൽ.


മിനിക്കഥ

# പുൽവെട്ടി

■ ജിജോ ജോസഫ് എൻ.

**പു**ൽവെട്ടിയായിരുന്നു, അയാളുടെ ജീവിതത്തിലെല്ലാം. എന്നും വൈകുന്നേരം അയാൾ അതു തുടച്ചു വൃത്തിയാക്കും. അപ്പോൾ മുത്തുമണി ഓടിയെത്തും. "അപ്പാ ഇതെന്തുവാ?"

"ഇതു നമ്മുടെ ജീവിതമാ മുത്തേ."



"എന്നു വച്ചാ..." അവളുടെ സംശയം തീരില്ല.

"അതോ... നമ്മുടെ അമ്മമ്മം തരാനും, മുത്തുമണിക്കു മുട്ടായി വാങ്ങാനും, പുത്തനുടുപ്പ് വാങ്ങാനും ഒക്കെ പൈസ ഈ പുൽവെട്ടികൊണ്ടാ... അപ്പാ സമ്പാദിക്കുന്നത്."

"ഓഹോ അങ്ങനാണല്ലേ?"

"അപ്പോ മോളും കൂടാം വൃത്തിയാക്കാൻ."

അവളുടെ മിഴിയിണകളിലെ വാത്സല്യം നുകർന്ന് പുൽവെട്ടിയും ആനന്ദനിർവൃതിപൂണ്ടു.

****

ഏറെ നാളുകൾക്കുശേഷം അന്ന് ഇറയത്തുവച്ച് അപ്പൻ വൃത്തിയാക്കുകയായിരുന്നു പുൽവെട്ടി. മുത്തുമണി മൊബൈലിൽ എന്തൊക്കെയോ പരതുന്നുണ്ട്. "മുത്തുമണീ..." അപ്പന്റെ വിളിക്ക് മറുപടി ഉണ്ടായില്ല. അപ്പന്റെ ശബ്ദത്തിനു കാഠിന്യമേറിയപ്പോൾ കനം തൂങ്ങിയ മുഖഭാവത്തോടെ അവൾ വാതിൽക്കലെത്തി.

"എന്തിനാ അപ്പൻ... ഇങ്ങനെ... ഒക്കെ... ഞാൻ കേൾക്കുന്നുണ്ടായിരുന്നു."

"മോളേ... ആകെ മടുത്തു, അല്പം വെള്ളം..." അല്പനേരം അവൾ പുൽവെട്ടിയെ നോക്കിനിന്നു. "അപ്പാ വേണ്ട ഈ പുൽവെട്ടി... എനിക്ക് ആകെ കുറച്ചിലാ."

അയാൾ ഒന്നും മിണ്ടിയില്ല,. പുൽവെട്ടി അല്പം തലതാഴ്ത്തി നിലത്ത് ദൃഷ്ടികളൂന്നി.

■

നോവൽ 19



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

**ജീ**നാ മരിച്ച ദിവസത്തെയും തലേദിവസത്തെയും കോൾലിസ്റ്റ് സംഘടിപ്പിക്കാനുള്ള ചുമതല സബ് ഇൻസ്പെക്ടർ അജിത് കുമാറിനെയാണേല്പിച്ചത്. അദ്ദേഹം അതു കൃത്യമായി ശേഖരിച്ചു. അവളുടെ ഫോൺ ഇതുവരെ കണ്ടെടുക്കാനായിട്ടില്ല. അവസാനം കാണിക്കുന്ന ടവർ ലൊക്കേഷൻ റോണിയുടെ വീടാണ്. ഫോൺ സ്വിച്ചോഫ് ആക്കി അതു മാറ്റുകയോ നശിപ്പിക്കുകയോ ചെയ്തിട്ടുണ്ട്. കൈയിൽ കിട്ടിയ കോൾ ലിസ്റ്റ് സർക്കിൾ ഇൻസ്പെക്ടർ മോഹൻതോമസും എച്ച്.സി. രാജീവനും ചേർന്ന് സൂക്ഷ്മമായി പരിശോധിച്ചുതുടങ്ങി.

“സർ, ജീനാ മരണപ്പെട്ട സമയത്തിന് അരമണിക്കൂർ മുമ്പ് ഒരു നമ്പറിൽ രണ്ടു തവണ വിളിച്ചിട്ടുണ്ട്.” എച്ച്. സി. രാജീവൻ ഉദ്വേഗത്തോടെ പറഞ്ഞു.

“ഏതാണാ നമ്പർ?” മോഹൻ തോമസിന് ആകാംക്ഷയുണ്ടായി.

“9447148903”

“അതാരുടെ നമ്പരാണെന്ന് പെട്ടെന്നു കണ്ടെത്തണം.”

“അതിന് അന്വേഷണത്തിന്റെയൊന്നും ആവശ്യമില്ല സാർ. എനിക്കീ നമ്പർ പരിചയമുണ്ട്. ആർക്കിടെക്ട് ശ്രീജിത്തിന്റെ.” രാജീവൻ പറഞ്ഞു.

‘അപ്പോൾ മരിക്കുംമുമ്പ് അവനെ അവൾ വിളിച്ചു?” സി. ഐ. മോഹൻ തോമസിന്റെ നെറ്റി ചുളിഞ്ഞു.

“ഷുവർ.” രാജീവൻ അതു ശരിവച്ചു.

“അപ്പോൾ, മരിക്കാനായി അവൾ സ്വയം കൈത്തണ്ട മുറിച്ചുകാണും. ചോര ചീറ്റിയൊഴുകിയപ്പോൾ പരിഭ്രാന്തയായി. രക്ഷപ്പെടുത്താൻവേണ്ടിയായിരിക്കും ശ്രീജിത്തിനെ വിളിച്ചത്.” സി.ഐ. അനുമാനം അവതരിപ്പിച്ചു.

“സാർ പറഞ്ഞതിനാണ് കൂടുതൽ സാധ്യത.”

“എന്തുകൊണ്ട് ഭർത്താവായ റോണിയെ അവൾ വിളിച്ചില്ല?”

തലേന്ന് ആ വാടകവീട്ടിൽ വലിയ വാക്കേറ്റവും സംഘർഷവും നടന്നിരിക്കും. അതോടെ റോണിയും ജീനായും തമ്മിൽ മാനസികമായി അകന്നു. സ്നേഹബന്ധത്തിലുണ്ടായ വിള്ളൽ അവളെ തളർത്തി. സകലപ്രതീക്ഷകളുമറ്റു. നിരാശയും സങ്കടവും അവൾക്കു മരിക്കാനുള്ള പ്രേരണ നൽകി.” രാജീവൻ തന്റെ നിഗമനം പറഞ്ഞു.

“പ്രാഥമികമായി നമ്മൾക്കിങ്ങനെയൊരു നിഗമനത്തിലെത്താം. കൈ മുറിക്കാനുപയോഗിച്ച ആയുധവും മൊബൈൽ ഫോണും എവിടെ? അതാര് എടുത്തുമാറ്റി? അല്ലെങ്കിൽ നശിപ്പിച്ചു?” മോഹൻ തോമസ് പറഞ്ഞു.

“തെളിവു നശിപ്പിക്കുന്നത് പ്രതികളല്ലേ സാർ?” രാജീവൻ ചോദിച്ചു.

“പ്രതികൾ മാത്രമേ തെളിവു നശിപ്പിക്കുകയുള്ളൂ എന്നു വിശ്വസിക്കാനാവില്ല. പ്രതിക്കുവേണ്ടി മറ്റുള്ളവരും ചിലപ്പോൾ തെളിവു നശിപ്പിക്കും.”

“ജീനാ മരിക്കുന്നതിനുമുമ്പ് വിളിച്ചത് ഭർത്താവിനെയല്ല. ശ്രീജിത്തിനെയാണ്. അവനെ കാമുകനായി കാണാനാകില്ല. ഒരു ഫ്രണ്ട് എന്നു കരുതുന്നതാകും ശരി. അവൻ വീട്ടിലെത്തിയിരിക്കാനിടയുണ്ടല്ലോ.”

“അക്കാര്യം സംശയിക്കണം. നമ്മുടെ വിവരശേഖരണം തൽക്കാലം ഇവിടെ വഴിമുട്ടി നിൽക്കുന്നു. ശ്രീജിത്തിലൂടെ മാത്രമേ ഇനി നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ.” സി.ഐ. പറഞ്ഞു.

“അവനെ ചോദ്യം ചെയ്യാനോ, കസ്റ്റഡിയിലെടുക്കാനോ മുകളിലുള്ളവര് സമ്മതിക്കുകയില്ലെങ്കിൽ പിന്നെന്തു ചെയ്യും?”

“ഇതുവരെ നടത്തിയ അന്വേഷണങ്ങളുടെയും കിട്ടിയ തെളിവുകളുടെയോ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ടുണ്ടാക്കി എസ്.പി.ക്കു കൊടുത്തിട്ട് കളം വിടുകതന്നെ.” സി.ഐ. മോഹൻ തോമസ് ദൃഢസ്വരത്തിൽ പറഞ്ഞു.

“ഡിപ്പാർട്ടുമെന്റിനും നമ്മൾക്കും അത് വലിയ കളങ്കമാകില്ലേ?”

“കളങ്കമാകും. അതിനു കാരണം നമ്മളല്ല. പ്രതിയുടെ തൊട്ടരുകിലെത്തിയ നമ്മുടെ കൈകെട്ടിയാൽ പിന്നെന്തു ചെയ്യാനാകും?”

“ഇന്ന് രണ്ടു പ്രധാനപത്രങ്ങൾ വച്ചനത്തിയിട്ടുണ്ട്. പോലീസ് നിഷ്ക്രിയമാകുന്നതും



കേസുകളിൽ രാഷ്ട്രീയ ഇടപെടലുംമൂലം നിയമസംവിധാനം തകർന്നെന്ന്. മാനസികരോഗിയായ അച്ഛൻ സ്വയം ശിക്ഷ നടപ്പാക്കാനിറങ്ങിയ സംഭവവും അതോടുചേർത്തു പറഞ്ഞിട്ടുണ്ട്.” രാജീവൻ പറഞ്ഞു.

“ആരെഴുതിയാലും ഏതു പത്രമായാലും അതു നന്നായി. ഇതൊക്കെ ആരെങ്കിലും പറയണ്ടേ? നമുക്കിട്ടും ആ വാർത്തിയിലൊരു കുത്തുണ്ട്. മേടയ്ക്കൽ മാത്തുക്കുട്ടിക്ക് പോലീസ് പ്രൊട്ടക്ഷൻ നൽകാൻ വൈകിയതിലാണ്. അതിനുടനെ ഒരു വിശദീകരണം കൊടുക്കണം.” സി.ഐ. പറഞ്ഞു.

പെട്ടെന്ന് സി.ഐ.യുടെ ഫോൺ ശബ്ദിച്ചു. അദ്ദേഹം മൊബൈലെടുത്തു. ലൈനിൽ എസ്.പി.യാണ്.

“ഹലോ... സാർ. അതെ, മോഹൻ തോമസാണ്.”

“ആ ജീനാക്കേസിന്റെ ഇതുവരെയുള്ള എല്ലാ ഡീറ്റെയിൽസുമായി ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് എന്നെ വന്നു കാണണം.”

“യെസ് സാർ. വരാം സാർ.”

എസ്.പി. ഫോൺ വച്ചു.

സർക്കിൾ ഇൻസ്പെക്ടർ മോഹൻ തോമസ് വിരസമായി പുഞ്ചിരിച്ചു.

“രാജീവാ, മനസ്സിലായല്ലോ. എസ്. പിയാ. രണ്ടുമണിക്ക് എസ്.പി.ക്കു മുമ്പിൽ ജീനാസംഭവത്തിന്റെ ഇതുവരെയുള്ള അന്വേഷണറിപ്പോർട്ട് സമർപ്പിക്കണം. നമ്മൾ എല്ലാം അപ്ഡേറ്റായതുകൊണ്ട് ടെൻഷനില്ല.”

“ചുമതല മാറ്റാനായിരിക്കുമോ, സാർ?”

“മാറ്റട്ടെ. തലവേദന ഒഴിയുമല്ലോ?”

“ആ ശ്രീജിത്തിനെ അറസ്റ്റു ചെയ്തു ചോദ്യം ചെയ്യുന്നതോടുകൂടി ഇതു നമുക്ക് പൂർത്തീകരിക്കാമായിരുന്നു.”

“ശ്രീജിത്തിനെ അറസ്റ്റു ചെയ്താൽ സൺസ്റ്റാർ കൺസ്ട്രക്ഷൻസിനു ദോഷം വരും. അതിനാലാണവർ സൂപ്പർസ്റ്റാറിനെ ഇടപെടുവിച്ചത്. യഥാർത്ഥത്തിൽ ശ്രീജിത്തല്ല നമ്മുടെ മുമ്പിലെ പ്രശ്നം. അവൻ ജോലി നോക്കുന്ന കമ്പനിയാണ്. രാജീവൻ പൊയ്ക്കോളൂ.” സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞു. എച്ച്.സി. രാജീവൻ എഴുന്നേറ്റ് സി.ഐ.യെ സല്യൂട്ട് ചെയ്ത് റൂമിൽനിന്നിറങ്ങി.

ജീനാക്കേസിന്റെ അന്വേഷണ റിപ്പോർട്ടുമായി കൃത്യസമയത്ത് സി.ഐ. മോഹൻ തോമസ് എസ്.പി.യുടെ ഓഫീസിലെത്തി. എസ്.പി.വിജയകുമാർ കളക്ട്രേറ്റിൽ മന്ത്രി പങ്കെടുക്കുന്ന യോഗത്തിലായതിനാൽ വൈകിയാണ് ഓഫീസിലെത്തിയത്. അധികം വൈകാതെ മോഹൻ തോമസിനെ അകത്തേക്കു വിളിപ്പിച്ചു. ഫയൽ എസ്.പി.ക്കു നൽകിയശേഷം അദ്ദേഹം അനുമതി നൽകിയപ്പോൾ എതിർവശത്തെ കസേരയിൽ ഇരുന്നു. സമയമെടുത്ത് അതീവശ്രദ്ധയോടെ എസ്.പി., റിപ്പോർട്ട് വായിച്ചു. ഒടുവിൽ അദ്ദേഹം അതു മടക്കി.

“മോഹൻ, പ്രഥമദൃഷ്ട്യാ ഇതൊരു സൂയിസൈഡാണെന്നു തോന്നും. പക്ഷേ, ഇന്ന് കുറ്റവാളികൾ കുറ്റാന്വേഷകരെക്കാൾ ബുദ്ധിശാലികളും തന്ത്രശാലികളുമാണ്. വളരെ നിഷ്കളങ്കരായി ഭാവിക്കുന്ന ചിലരായിരിക്കും കൊടുംക്രൂരതകൾ ചെയ്യുന്നത്. ഇവിടെ പ്രണയവും പ്രണയപ്പകയുമാണോ ജീനായുടെ മരണത്തിലേക്ക് എത്തിച്ചതെന്നു സംശയിക്കണം.”

“എനിക്കും സാറിന്റെ നിഗമനംതന്നെയാണ്. റോണി, ഒരു മനോരോഗിയുടെ മകളാണെന്നറിഞ്ഞിട്ടും ജീനായെ സ്നേഹിച്ചു. വീട്ടുകാരെ തള്ളി അവളെ വിവാഹം കഴിക്കുകയും ചെയ്തു. ശ്രീജിത്തിന്റേത് വൺവേയായിരുന്നു. ജീനാ മറ്റൊരുവന്റെ ഭാര്യയായിട്ടും അവനവളെ മറക്കാൻ കഴിഞ്ഞില്ല. അവളെ മറക്കാൻവേണ്ടി സൗദിയിലേക്കു സ്ഥലം മാറിപ്പോകാൻവരെ അവൻ തയ്യാറായി. ഒന്നുകൂടി കാണാനും ഒരു സമ്മാനം കൊടുക്കാനുമുള്ള ശ്രമമാണ് ദുരന്തമുണ്ടാക്കിയത്.” മോഹൻ തോമസ് പറഞ്ഞു.

“അവൾ മരിക്കുന്നതിന് അരമണിക്കൂർമുമ്പ് വിളിച്ചതും മെസേജയച്ചതും ശ്രീജിത്തിനാണ്. അവർ തമ്മിലുണ്ടായിരുന്നത് വൺവേയാണെന്നു തീർച്ചപ്പെടുത്താമോ?” എസ്.പി. സംശയം പ്രകടിപ്പിച്ചു.

“ശ്രീജിത്ത്, തലേദിവസം ജീനായെ സന്ദർശിച്ചതും സമ്മാനം കൊടുത്തതും റോണിയെ പ്രകോപിപ്പിച്ചിരിക്കും. അതേച്ചൊല്ലി വലിയ സംഘർഷം അവർ തമ്മിലുണ്ടായിക്കാണും. റോണിയുമായുള്ള അകൽച്ചയായിരിക്കണം ജീനായുടെ ആത്മഹത്യയ്ക്കുള്ള പ്രേരണയെന്നെനിക്കു തോന്നുന്നു.”

“അത് ലോജിക്കുള്ള ഒരു നിഗമനമാണ്. അപ്പോൾ കാര്യകാരണസഹിതം റോണിയിൽ ആത്മഹത്യാപ്രേരണക്കുറ്റം ചുമത്താം. കേസെടുക്കാം.” എസ്.പി. പറഞ്ഞു.

“സാർ, തലേദിവസം റോണിയുടെ വീട്ടിൽ ശ്രീജിത്ത് ചെന്നില്ലായിരുന്നെങ്കിൽ, സമ്മാനം കൊടുത്തില്ലായിരുന്നെങ്കിൽ ഇതു സംഭവിക്കുകയേയില്ലായിരുന്നു. ആ നിലയ്ക്ക് ജീനായുടെ മരണത്തിന്റെ പ്രധാനകാരണക്കാരനായി ശ്രീജിത്തിനെയല്ലേ കാണേണ്ടത്?” സർക്കിൾ ഇൻസ്പെക്ടർ സംശയിച്ചു.

“രണ്ടുപേർക്കും അവളുടെ മരണത്തിൽ പങ്കുണ്ട്. ഇതു രണ്ടായിരത്തി ഇരുപത്തഞ്ചാമാണ്ടല്ലേ? ഒരു സഹപാഠി വീട്ടിൽ വന്നതും വിവാഹസമ്മാനം കൊടുത്തതും വലിയ കുറ്റമായി കാണണമായിരുന്നോ?”

“ഞാനതു വലിയ കുറ്റമായി കാണുന്നില്ല. പക്ഷേ, റോണിയും ജീനായും തമ്മിലകലാനും അവളുടെ മരണത്തിനും ആ സന്ദർശനം കാരണമായെന്നു പറഞ്ഞതു മാത്രം.”

“ഈ കേസിൽ സുപ്രധാനമായ ചില തെളിവുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. കൈത്തണ്ട മുറിക്കാനുപയോഗിച്ച ഉപകരണം, ജീനായുടെ മൊബൈൽ ഫോൺ, മരണക്കുറിപ്പുണ്ടെങ്കിൽ അത്.”

“ഞങ്ങൾ പലവട്ടം എല്ലായിടവും അരിച്ചുതപ്പി സാർ. കണ്ടെത്താൻ കഴിഞ്ഞില്ല.”

“ഇതു മൂന്നും നശിപ്പിച്ചിട്ടുണ്ടാകാം. എങ്കിൽ ഇതൊരു ക്രിമിനൽ കുറ്റമാണ്. കണ്ടുപിടിക്കപ്പെട്ടാൽ പ്രതിക്കു ശിക്ഷ ഉറപ്പാണ്.”

“ശ്രീജിത്തിന്റെ കാര്യത്തിൽ ഒരു ബ്ലോക്കുണ്ടാക്കിയിട്ടുണ്ടല്ലോ, സാർ.”

“എനിക്കറിയാം. നല്ല ഓർമയുണ്ട്. മോഹൻ മനസ്സുകൊണ്ട് എന്നെ ശപിച്ചിട്ടുണ്ടാകും. എനിക്കതു ചെയ്യേണ്ടിവന്നു. കാര്യകാരണങ്ങളൊന്നും വിശദീകരിക്കാൻ ഈ കാക്കിക്കുപ്പായത്തിലിരുന്ന് എനിക്കു സാധ്യമല്ല. ആ കെട്ട് പൂർണമായും അഴിച്ചിരിക്കുന്നു. അവന്റെ കാര്യത്തിൽ സി.ഐ. ഉചിതമായതു ചെയ്തോളൂ. ഇതുവരെ നടത്തിയ അന്വേഷണം ഗംഭീരമായിരിക്കുന്നു.”

സി.ഐ. മോഹൻതോമസ് എസ്.പി.യെ സല്യൂട്ട് ചെയ്ത് പുറത്തേക്കിറങ്ങി.

(തുടരും)

# ആവർത്തിക്കപ്പെടുന്ന പേരുകൾ




വീയെൻ

ഒരു സിനിമയിലേക്കു പ്രേക്ഷകന് സുഖകരമായ എൻട്രി കിട്ടുന്നത് ആ സിനിമയുടെ ടൈറ്റിലുമായി ബന്ധപ്പെട്ടാണ്. നല്ലൊരു ടൈറ്റിൽ കേൾക്കുമ്പോൾ അതിലെന്തോ ഉണ്ടല്ലോയെന്നുള്ള വിചാരം അവരെ പിടികൂടുകയും അതുകൊണ്ട് സിനിമ കണ്ടേക്കാം എന്നു തീരുമാനിക്കുകയും ചെയ്യുന്നവരുണ്ട്. സംവിധായകന്റെ പേരോ നടീനടന്മാരുടെ പേരോ നോക്കാതെ സിനിമ കണ്ടിരുന്ന ഒരു തലമുറയുടെ കാലത്തെ കാര്യമാണ് പറയുന്നത്. ഇന്ന് ചില ന്യൂജൻസിനിമാ സംവിധായകരുടെ പേരു കേൾക്കുമ്പോൾത്തന്നെ സിനിമയുടെ പേര് എന്തായാലും വേണ്ടില്ല, സിനിമയ്ക്കു കയറുന്നവരുണ്ട്.

പക്ഷേ, പണ്ട് സിനിമയുടെ ടൈറ്റിലായിരുന്നു മുഖ്യആകർഷണം. അതുകൊണ്ടുതന്നെ ഏറെ ആലോചിച്ചതിനു ശേഷം മാത്രമേ സിനിമയ്ക്കു ടൈറ്റിലുകൾ സ്വീകരിച്ചിരുന്നുള്ളൂ. പലപ്പോഴും ഒരു സിനിമയുടെ പേര് മറ്റൊരു സിനിമയ്ക്ക് ആവർത്തിക്കപ്പെടാറില്ല എന്നും നിരീക്ഷിച്ചാൽ മനസ്സിലാവും. സിനിമയുടെ പൊതുവെയുള്ള രീതിയും അങ്ങനെയാണ്. എന്നാൽ, ആശ്ചര്യമെന്നു പറയട്ടെ, പല കാലങ്ങളിൽ പലരെടുക്കുന്ന സിനിമകൾക്ക് ഒരേ പേരുതന്നെ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. അത്തരമൊരു കണക്കെടുപ്പു നടത്തുമ്പോൾ ആദ്യം മനസ്സിലേക്കു വരുന്നത് ഭാര്യ എന്ന ടൈറ്റിലായിരിക്കും. ഒരു തലമുറയുടെ മുഴുവൻ വേദനയും കണ്ണീരുമായിരുന്ന സിനിമയാണ് 1962 ൽ പുറത്തിറങ്ങിയ കുഞ്ചാക്കോ സംവിധാനം ചെയ്ത ഭാര്യ. സത്യനും രാഗിണിയും കേന്ദ്രകഥാപാത്രങ്ങളായിരുന്ന ഈ സിനിമയുടെ കഥ കാനം ഇജെയുടെ ജനപ്രിയനോവലിനെ ആസ്പദമാക്കിയുള്ളതായിരുന്നു. വർഷങ്ങൾക്കുശേഷം, അതായത്, 1994ൽ വി.ആർ. ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത സിനിമയുടെ പേരും ഭാര്യ എന്നായിരുന്നു. ജനപ്രിയസാഹിത്യകാരൻ ജോയ്സിയുടെ നോവലായിരുന്നു സിനിമയുടെ ഇതിവൃത്തം.

1949ൽ പുറത്തിറങ്ങിയ വെള്ളിനക്ഷത്രം എന്ന സിനിമയ്ക്ക് ഉദയാ സ്റ്റുഡിയോയിൽ നിർമിച്ച പ്രഥമ സിനിമ എന്ന ഖ്യാതിയുണ്ട്. മിസ് കുമാരി അഭിനയിച്ച ഈ സിനിമ സാമ്പത്തിക വിജയം നല്കിയില്ല. മാത്രവുമല്ല, സിനിമയുമായി ബന്ധപ്പെട്ട യാതൊന്നും അവശേഷിച്ചിട്ടുമില്ല. 2004 ൽ വിനയൻ സംവിധാനം ചെയ്ത് പുറത്തിറങ്ങിയ സിനിമയുടെ പേര് വെള്ളിനക്ഷത്രം എന്നായിരുന്നു. പൃഥിരാജ് ആയിരുന്നു നായകൻ.

1985ൽ ഹരിഹരൻ സംവിധാനം ചെയ്ത ചിത്രമായിരുന്നു വെള്ളം. 2021 ൽ പ്രജേഷ് സെൻ സംവിധാനം ചെയ്ത ജയസൂര്യചിത്രത്തിന്റെ പേരും അതുതന്നെ. ആദ്യസിനിമയിൽ വെള്ളപ്പൊക്കത്തിന്റെ അടിസ്ഥാനത്തിലാണ് ആ പേരിട്ടതെങ്കിൽ രണ്ടാമത്തെ സിനിമയിൽ മദ്യപാനത്തിനു നാട്ടിൻപുറങ്ങളിൽ പറയുന്ന 'വെള്ളം' എന്ന ഉപമയുമായി ബന്ധപ്പെട്ടാണ് ആ പേരു നല്കിയത്.

ഹരികുമാർ സംവിധാനം ചെയ്ത് ദേവനും പാർവതിയും നായികാനായകന്മാരായി 1988 ൽ പ്രദർശനത്തിനെത്തിയ ചിത്രത്തിന്റെ പേരായ ഊഴം എന്നുതന്നെയാണ് 2016ൽ ജിത്തു ജോസഫ് സംവിധാനം ചെയ്ത പൃഥിരാജ് സിനിമയ്ക്കും നല്കിയത്. നായാട്ട് എന്ന പേര് പഴയതലമുറയ്ക്ക് ഏറെ പരിചിതം ശ്രീകുമാരൻതമ്പിയുടെ സംവിധാനത്തിൽ നസീറും ജയനും അഭിനയിച്ച സിനിമയെന്ന നിലയിലാണ്. പക്ഷേ, പുതിയ തലമുറയ്ക്ക് അത് 2021ൽ ഇറങ്ങിയ മാർട്ടിൻപ്രക്കാട്ട് സിനിമയാണ്. ജോജുവും കുഞ്ചാക്കോയും നിമിഷയും അഭിനയിച്ച നായാട്ട്.

ഉദയായുടെ ബാനറിൽ കുഞ്ചാക്കോ സംവിധാനം ചെയ്ത് 1966ൽ പുറത്തിറങ്ങിയ സിനിമയുടെ പേരായിരുന്നു അനാർക്കലി. 2015ൽ സച്ചി ചെയ്ത സിനിമയുടെ പേരും അനാർക്കലി എന്നുതന്നെ. അസുരവിത്ത് എന്ന പേരിൽ വിൻസെന്റും (1968) എകെ സാജനും (2012) സിനിമ ചെയ്തിട്ടുണ്ട്. അതുപോലെയാണ് വേട്ട എന്ന പേരിൽ മോഹൻരൂപും രാജേഷ് പിള്ളയും സിനിമയിറക്കിയത്. 1984, 2016 വർഷങ്ങളിലായിരുന്നു പ്രസ്തുത സിനിമകൾ പുറത്തിറങ്ങിയത്. തസ്ക്കരവീരൻ, ചതുരംഗം, മാമാങ്കം, അഞ്ചുസുന്ദരികൾ എന്നിങ്ങനെ എത്രയോ ശീർഷകങ്ങൾ ആവർത്തിച്ചിട്ടുണ്ട്. വേറൊരു തരത്തിലും സിനിമകളുടെ പേരുകൾ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. പഴയ ഹിറ്റ്സിനിമകളുടെ റീമേക്കുകളുടെ കാര്യത്തിലാണ് അതു സംഭവിച്ചിരിക്കുന്നത്. നീലത്താമര എന്ന പേരിലും ചട്ടക്കാരി എന്ന പേരിലും രതിനിർവേദം എന്ന പേരിലും നിദ്ര എന്ന പേരിലും പഴയതും പുതിയതുമായ സിനിമകൾ പുറത്തിറങ്ങിയിട്ടുണ്ട്.

അന്ധവിശ്വാസങ്ങൾ ഏറെയുള്ള മേഖലയാണ് സിനിമ. ചില പേരുകൾ രാശി നല്കുന്നുവെന്ന വിശ്വാസത്താൽ അതു ചിലർ ആവർത്തിക്കാറുണ്ട്. ഐവി ശശിയെ സംബന്ധിച്ച് സിനിമകൾ അ, ഇ എന്നിവയിൽ ഏതെങ്കിലും ഒന്നിൽ തുടങ്ങണമെന്നായിരുന്നുവത്രേ നിർബന്ധം. ഫാസിലിന്റെ സിനിമകളിൽ പേരിന്റെ അവസാനം ചന്ദ്രക്കല ഉണ്ടായിരിക്കണമെന്നുണ്ടായിരുന്നു. ജോഷിക്കാവട്ടെ സിനിമയുടെ ടൈറ്റിൽ സർഫ്കൊണ്ടു ഡിസൈൻ ചെയ്യുന്ന വിധത്തിലായിരിക്കണമെന്നുണ്ടായിരുന്നു. സിദ്ധിക്ക്‌ലാലിനെപ്പോലെയുള്ള സംവിധായകർ ഇംഗ്ലീഷ് പേരുകൾ മാത്രമേ സിനിമകൾക്ക് ഉപയോഗിച്ചിരുന്നുള്ളൂ. റാംജി റാവ് സ്പീക്കിങ്, ഗോഡ് ഫാദർ, ഫ്രണ്ട്സ് തുടങ്ങിയവയെല്ലാം ഉദാഹരണങ്ങൾ. ഇങ്ങനെയൊക്കെ ഭാഗ്യനോട്ടങ്ങളുണ്ടായിരുന്നിട്ടും മേല്പറഞ്ഞ സംവിധായകർക്ക് അതിന്റെപേരിൽ മാത്രം സിനിമ വിജയിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നു നിരീക്ഷിച്ചാൽ മനസ്സിലാവുന്നതേയുള്ളൂ. 'അ' യും 'ഇ'യും ഇല്ലാതെ ഐ വി ശശി സംവിധാനം ചെയ്ത സിനിമയായിരുന്നുവല്ലോ ദേവാസുരം. എത്ര വലിയ വിജയമായിരുന്നു അത്! ചന്ദ്രക്കലയുണ്ടായിട്ടും ഫാസിലിനെ കൈയെത്തുംദൂരത്ത്, വിസ്മയത്തുമ്പത്ത്, മാനത്തെ വെള്ളിത്തേര് തുടങ്ങിയവയൊന്നും രക്ഷിച്ചിട്ടില്ല. പറഞ്ഞുവരുന്നത് അതല്ല. വിജയസാധ്യതകൾ ഒന്നും ഇല്ലാതിരുന്നിട്ടും പഴയസിനിമയുടെ പേരുതന്നെ പുതിയ സിനിമകൾക്കും സ്വീകരിച്ചതിന്റെ പിന്നിലെ കാരണം എന്തായിരിക്കും എന്നതാണ്. മറ്റൊരു പേര് കണ്ടുപിടിക്കാൻ കഴിയാത്തവിധം ആ പേരു മാത്രമാണ് തങ്ങളുടെ സിനിമകൾക്ക് ഏറ്റവും അനുയോജ്യം എന്ന് പുതിയകാലത്തെ സംവിധായകർ വിശ്വസിച്ചിരുന്നോ ആവോ? ■







## രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ 20 ദൈവശാസ്ത്രജ്ഞന്മാർ

**ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**



നിഖ്യാസൂനഹദോസിന്റെ 1700–ാമതു വാർഷികവും വത്തിക്കാൻ സൂനഹദോസിന്റെ അറുപതാം വാർഷികവുമാകയാൽ സഭയുടെ സൂനഹദോസുകളെക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ വർഷത്തിൽ രണ്ടാം വത്തിക്കാൻ സൂനഹദോസിനെ സ്വാധീനിച്ച 20 പ്രശസ്തദൈവശാസ്ത്രജ്ഞന്മാരെക്കുറിച്ചുള്ള പഠനം.

**പ്രസാധനം: OIRSI പബ്ലിക്കേഷൻസ്–വടവാതൂർ–കോട്ടയം,**
**വിതരണം: OIRSI പബ്ലിക്കേഷൻസ്–വടവാതൂർ, വില: ₹ 299**

## ഡിജിറ്റൽ പാരന്റിംഗ്


**ജെയ്സൺ ജോസഫ് കൊട്ടാരത്തിൽ**




കുട്ടികളുടെ ഡിജിറ്റൽ മീഡിയ ഉപയോഗം, മാധ്യമങ്ങളുപയോഗിക്കുന്നതിൽ തലമുറകൾക്കിടയിൽ വന്ന മാറ്റങ്ങൾ, ആധുനികകാലഘട്ടത്തിൽ ഫലപ്രദമായ പേരിന്റിങ്ങിന് സോഷ്യൽ മീഡിയ എങ്ങനെ ഉപയോഗിക്കാം തുടങ്ങിയവ ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

**പ്രസാധനം: ഐറിൻബുക്സ് കോഴിക്കോട്,**
**വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ പാലാ, വില: ₹ 350**

# ആനന്ദത്തിന്റെ തലസ്ഥാനം



ജോസ് വഴുതനപ്പിള്ളി



മനസ്സിൽ സന്തോഷം കൊണ്ടുനടക്കുന്ന വ്യക്തികൾ ന്യൂനങ്ങളായ അനുഭവങ്ങൾ വരുമ്പോൾ സമർഥമായി നേരിടും. ഇതിന്റെയെല്ലാം താക്കോലിരിക്കുന്നത് തലച്ചോറിനുള്ളിലെ അമിഗ്ദല എന്ന ഭാഗത്താണ്. ഒരു ബദാം പരിപ്പിന്റെ ആകൃതിയിലുള്ള ഒരു കൊച്ചു സാധനമാണിത്. ദുരനുഭവങ്ങളെ തട്ടിക്കീറി അത്തരം മനുഷ്യർ അതിനിടയിലൂടെ നന്മയുടെ രശ്മികൾ കാണാൻ തുടങ്ങും.

അതിരാവിലെതന്നെ അകാരണമായി ഒരാൾ നിങ്ങളോടു ക്ഷോഭിക്കുന്നു; അല്ലെങ്കിൽ അത്യാവശ്യമായി പുറത്തേക്കു പോകാൻ തയ്യാറെടുക്കുമ്പോഴുണ്ട് ടയർ പഞ്ചർ! ബർത്ത്ഡേയുടെ കേക്കുമുറിക്കുമ്പോൾ കേൾക്കുന്നു ഒരു അത്യാഹിതത്തിന്റെ ദുർവാർത്ത. നാമെല്ലാവരും ഇത്തരം അനുഭവങ്ങളിലൂടെ സ്ഥിരം കടന്നുപോകുന്നവരാണ്. പക്ഷേ, എങ്ങനെ ഈ പരിതഃസ്ഥിതികൾ കൈകാര്യം ചെയ്യുന്നുവെന്നുള്ളത് നമ്മുടെ തലച്ചോറിന്റെ മാത്രം പ്രത്യേകതയാണ്. കുറേക്കൂടി ആഹ്ലാദജീവിതം നയിക്കുന്നവരെങ്കിൽ അവർക്കു മെച്ചമായി വികാരങ്ങളെ നിയന്ത്രിക്കാനാകും. മറിച്ച്, മ്ലാനജീവിതം നയിക്കുന്നവരെങ്കിൽ അവർ വേവലാതിപ്പെട്ട് അത്തരം സന്ദർഭങ്ങളിൽ സ്വയം വലിച്ചുകീറിക്കളയും.

ഇത് എന്തുകൊണ്ടാണെന്നു ചിന്തിച്ചിട്ടുണ്ടോ? ആനന്ദജീവിതം നയിക്കുന്നവർ അവർ ധരിക്കുന്ന കണ്ണടയിലൂടെ നോക്കുമ്പോൾ പോസിറ്റീവായ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും മറ്റുള്ളവയെ അരിച്ചുമാറ്റാനും ശ്രമിക്കും. നല്ല അനുഭവങ്ങൾ വരുമ്പോഴെല്ലാം അവർ അതെല്ലാം വേണ്ടുവോളം ആസ്വദിച്ചു സ്വന്തം സദ്ഭാവനകളെ ഉണർത്തുന്നു. അതിനെ അതിന്റെ പരമകോടിയിലെത്തിക്കുന്നു. മോശമായവ കാണുമ്പോഴും അവർ പതറാതെ നിൽക്കും.

ന്യൂനങ്ങളായ കാര്യങ്ങളെ അവഗണിച്ചും നമ്മെ പിറകോട്ടടിക്കുന്ന അനുഭവങ്ങളെ തൃണവത്ഗണിച്ചും മുന്നേറാനുള്ള ജീവിതവീക്ഷണമാണ് നമുക്കു സൃഷ്ടിച്ചെടുക്കേണ്ടത്. തിക്താനുഭങ്ങൾ മറന്ന് നന്മയിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ഇതേക്കുറിച്ചു പഠിക്കാനാണ് ശാസ്ത്രജ്ഞന്മാർ അമിഗ്ദലയെ നിരീക്ഷിക്കുന്നത്. വിഭിന്ന വൈകാരികസ്വഭാവമുള്ളവരുടെ പോസിറ്റീവായ അനുഭവങ്ങൾ വരുമ്പോഴുള്ള ഉദ്ദീപനം അവിടെ ദൃശ്യമാകുന്നു. ഒരു പുതിയ കണ്ടുപിടിത്തത്തിൽ, അനുകമ്പ, ഭൂതദയ, ആർദ്രത, കാരുണ്യം, സർവോപരി ജീവിതാനന്ദത്തിന്റെ മാനുഷികസത്തയും അവിടെത്തന്നെ കേന്ദ്രീകരിച്ചിരിക്കുന്നുവെന്നു മനസ്സിലാകുന്നു.

നല്ലതിനെയും മോശമായതിനെയും സന്തുഷ്ടമനുഷ്യർ എങ്ങനെ സ്വീകരിക്കുന്നു?

മനുഷ്യജീവിതത്തിൽ സന്തുഷ്ടി ഉറപ്പിക്കാൻ നാം ദുരനുഭവങ്ങൾ അരിച്ചെടുത്തുമാറ്റാൻ ഒരു അരിപ്പ സൃഷ്ടിക്കുന്നുണ്ടോ? അതോ വ്യഥയിലാണ്ടവരെ കാണുമ്പോൾ നാം നമ്മുടെ അമിഗ്ദലയെ അത്തരം പിരിമുറുക്കങ്ങളിൽനിന്ന് മനഃപൂർവം ഒഴിവാക്കുമോ? വേദനയിൽ പുളയുന്ന ഒരു രോഗിയെ കാണുമ്പോൾ, അല്ലെങ്കിൽ നിങ്ങളുടെ അയൽക്കാരൻ അകാരണമായി നിങ്ങളോടു ക്ഷുഭിതനാകുമ്പോൾ, അല്ലെങ്കിൽ നിങ്ങളുടെ കാറിന് ഒരാൾ ദീർഘനേരം സൈഡ് തരാതെ മെല്ലെപ്പോകുമ്പോൾ എന്തായിരിക്കും നിങ്ങളുടെ പ്രതികരണം? ഇത്തരം പഠനങ്ങളിൽ എങ്ങനെയാണ് ക്രിയാത്മകമോ ന്യൂനമോ ആയ കാര്യങ്ങളോട് ഒരു സന്തുഷ്ടനായ വ്യക്തി പ്രതികരിക്കുന്നത് എന്നാണ് നിരീക്ഷിക്കുക. മറുവശത്ത് അധികം സന്തുഷ്ടരല്ലാത്തവർ ഇത്തരം അനുഭവങ്ങളോട് എങ്ങനെ പ്രതികരിക്കുന്നു എന്നും പരിശോധിക്കുന്നു.

കിർക്കിലാൻഡ് എന്നൊരു ശാസ്ത്രജ്ഞൻ ഇതേക്കുറിച്ചു ചില വിശദമായ പഠനങ്ങൾ നടത്തി. ആദ്യമായി അദ്ദേഹം പൊതുവെ സന്തുഷ്ടജീവിതം നയിക്കുന്ന ചിലരെ ചോദ്യാവലികളിലൂടെ തിരഞ്ഞെടുത്തു. അവർക്കു മുമ്പിൽ കുറെ പോസിറ്റീവും നെഗറ്റീവും ന്യൂട്രലുമായ ചിത്രങ്ങൾ നിരത്തിവച്ചു. അവരുടെ

**സന്തുഷ്ടരായ വ്യക്തികൾ ദുരനുഭവങ്ങൾ ഇല്ലാത്ത നിഷ്ക്രിയരോ ന്യൂനതകൾ കാണാനാവാത്തവരോ അല്ല. അവർ പരിതഃസ്ഥിതികളോടിണങ്ങി അനുരഞ്ജനപ്പെടുന്നവരാണ്. സുഖദുഃഖ സമ്മിശ്രമാണ് ജീവിതം എന്ന യാഥാർഥ്യം തൊട്ടറിയുന്നവരാണ്. ന്യൂനമായ ഒരനുഭവത്തോടുള്ള നമ്മുടെ ഇന്ദ്രിയത്തിന്റെ അവബോധവും പ്രതികരണ ശേഷിയുമാണ് വാസ്തവത്തിൽ സന്തുഷ്ടജീവിതത്തിന്റെ മുഖ്യഘടകം.**

ബ്രെയിൻ ഈ ചിത്രങ്ങളോട് എങ്ങനെ പ്രതീകരിക്കുന്നു എന്നു നോക്കാനായിരുന്നു ശ്രമം. ഇത്തരം ആളുകളിൽ അമിഗ്ദലയുടെ പ്രവർത്തനം ത്വരിതപ്പെടുന്നതായി കണ്ടു; നെഗറ്റീവെന്നോ പോസിറ്റീവെന്നോ ഉള്ള ഭേദമെന്യേ.

സന്തുഷ്ടരായ വ്യക്തികൾ ദുരനുഭവങ്ങൾ ഇല്ലാത്ത നിഷ്ക്രിയരോ ന്യൂനതകൾ കാണാനാവാത്തവരോ അല്ല. അവർ പരിതഃസ്ഥിതികളോടിണങ്ങി അനുരഞ്ജനപ്പെടുന്നവരാണ്; സുഖദുഃഖസമ്മിശ്രമാണ് ജീവിതം എന്ന യാഥാർഥ്യം തൊട്ടറിയുന്നവരാണ്. ന്യൂനമായ ഒരനുഭവത്തോടുള്ള നമ്മുടെ ഇന്ദ്രിയത്തിന്റെ അവബോധവും പ്രതികരണശേഷിയുമാണ് വാസ്തവത്തിൽ സന്തുഷ്ടജീവിതത്തിന്റെ മുഖ്യഘടകം. മനസ്സിന്റെ സമതുലനാവസ്ഥ നിലനിർത്തുന്നതിലാണ് കാര്യം. ഒരുകാലത്തു ഭയാശങ്കകളുടെ കേന്ദ്രമായിട്ടാണ് അമിഗ്ദല അറിയപ്പെട്ടിരുന്നതെങ്കിൽ ഇന്ന് അത് ആഴത്തിൽ അന്തഃപ്രേരിതമായി നമുക്ക് അപരന്റെ ദുഃഖം കാണാനും സഹായഹസ്തം നീട്ടാനുള്ള പ്രചോദനംതരാനും ഉപകരിക്കുന്ന ആനന്ദത്തിന്റെ കേന്ദ്രമായിട്ടുകൂടി അതിനെ പരിഗണിക്കേണ്ടിയിരിക്കുന്നു.

■




മാത്യൂസ് ആർപ്പൂക്കര 31

# സുനാമികളും കടൽപ്പാമ്പുകളും



കരയിലെപ്പോലെ കടലിലെ അന്തരീക്ഷവും വായു നിറഞ്ഞതാണ്. ഈ വായുവിന്റെ ചലനമാണ് കടൽക്കാറ്റ്. ഈ ചലനം ശക്തമാകുന്തോറും കടൽക്കാറ്റിന്റെ സ്വഭാവംമാറി രൂക്ഷമാവും. കൊടുങ്കാറ്റും ചുഴലിക്കാറ്റുമൊക്കെയായി ഇതു മാറുന്നു.

കാറ്റ് ആഞ്ഞുവീശുമ്പോൾ നിശ്ചലമായിക്കിടക്കുന്ന വെള്ളത്തെ മുന്നോട്ടുതള്ളിക്കൊണ്ടുപോകുന്നു. അലകളുടെ തുടക്കം ഇവിടെയാണ്. എന്നാൽ, കരയോടടുക്കുമ്പോഴേക്കും തടസ്സങ്ങളുമുണ്ടാകുന്നു. തൂവെള്ള നുരകൾ ഉയർത്തിക്കൊണ്ട് തിരമാലകൾ തലകുത്തി വീഴുന്നു. പുറംകടലിൽ പ്രതിബന്ധങ്ങളില്ലാത്തതിനാൽ തിരകൾക്ക് അത്ര ഉയരം കാണാറില്ല. കടലിൽനിന്നും കരയിലേക്കാണു കാറ്റുവീശുക. അതുകൊണ്ടാണ് ഓളങ്ങൾ കരയെ ലക്ഷ്യമാക്കുന്നത്.

തിരമാലകൾ ജലോപരിതലത്തിലെ പ്രതിഭാസംതന്നെ. അതു കീഴ്ത്തട്ടിൽ എത്താറേയില്ല. ഇന്നേവരെ അളന്നതിൽവച്ചേറ്റവും വലുപ്പം കൂടിയ തിരമാലയുടെ ഉയരം ഏതാണ്ട് 34 മീറ്ററാണ്. റഷ്യൻതീരത്തുവച്ച് അളന്ന ഒരു വിവരമാണത്. അമേരിക്കക്കാരനായ റമാലോ ആണ് അളന്നത്.

## സുനാമി

സുനാമി ഒരു ജാപ്പനീസ് പദമാണ്. തുറമുഖത്തിരമാല എന്നർഥം. സാധാരണമായി സുനാമി ഉണ്ടാകുമ്പോൾ തുറമുഖങ്ങൾക്കാണ് കൂടുതൽ നാശനഷ്ടങ്ങൾ സംഭവിക്കുക. ഭൂകമ്പകടൽത്തിരമാലകൾ എന്നാണ് സമുദ്രശാസ്ത്രജ്ഞന്മാർ സുനാമിയെ വിശേഷിപ്പിക്കുന്നത്. ഭൂകമ്പത്തെയോ അഗ്നിപർവതസ്ഫോടനത്തെയോ വെള്ളത്തിനടിയിലെ ഉരുൾപൊട്ടലിനെയോ തുടർന്നുണ്ടാകുന്ന കടലിലെ സംഭവികാസമാണ് സുനാമി. എന്നാൽ, എല്ലാ സുനാമികളും വലുതോ വിനാശകാരിയോ ആകണമെന്നില്ല. തിരമാലകൾ കരയോടടുക്കുന്തോറും കടലിന്റെ ആഴം കുറയുന്നു. ഇതു തിരമാലകൾ ഉയരാൻ ഇടയാക്കുന്നു. ചില സുനാമിത്തിരയ്ക്ക് കരയിലെത്തുമ്പോൾത്തന്നെ 30 മീറ്റർ വരെ ഉയരംകണ്ടിട്ടുണ്ട്. ഇതുവരെ ഉണ്ടായിട്ടുള്ള ഏറ്റവും വലിയ സുനാമിയുടെ ഉയരം 65 മീറ്റർ ആയിരുന്നത്രേ.

## കടൽപ്പാമ്പുകൾ

കടൽപ്പാമ്പുകൾക്കു പരന്ന ശരീരവും തുഴയുടെ ആകൃതിയിലുള്ള വാലുമാണുള്ളത്. കടൽപ്പാമ്പുകളിൽ ഏറിയ കൂറും കടലിനടിഭാഗത്താണു കാണപ്പെടുക. ഓസ്ട്രേലിയായിലെയും ഏഷ്യയിലെയും കടലുകളിലാണ് ഇവയെ കൂടുതലായും കാണുന്നത്. ചിലപ്പോഴൊക്കെ ഇവ കൂട്ടംകൂട്ടമായി ജലോപരിതലത്തിൽവന്ന് വെയിൽകായുന്ന കാഴ്ച കാണാം. കടൽപ്പാമ്പിന്റെ വായുടെ മുകളിലാണ് നാസാരന്ധ്രങ്ങൾ. ഈ ഭാഗത്ത് വാൽവുപോലുള്ള ആവരണങ്ങളുണ്ട്. മിക്കയിനങ്ങൾക്കും തലയും കഴുത്തും തുലോം ചെറുതാണ്. ശരീരം വലുതും. 1 മീറ്റർ മുതൽ 12 മീറ്റർ വരെ ഇവയ്ക്കു നീളം കാണും. ഇവ പൊതുവെ സമാധാനപ്രിയരാണെങ്കിലും പലതിനും വിഷം മാരകം തന്നെ.

■

# പാലാ ടൗൺ കുരിശുപള്ളിയിൽ
# അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ

**2025 ഡിസംബർ 1 തിങ്കൾ മുതൽ 8 തിങ്കൾ വരെ**


ജൂബിലിത്തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ!

## പി. ഡി. ജോർജ് & സൺസ്
പൂവേലിൽ
കവീക്കുന്ന് – പാലാ
PHONE: 9447037247

ജൂബിലിത്തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ!
ഭക്തജനങ്ങൾക്കു ഹൃദ്യമായ സ്വാഗതം

## ഹോട്ടൽ ലിസ്സി
കുരിശുപള്ളിക്കവലയ്ക്കു സമീപം
പാലാ
കേറ്ററിംഗ് ഓർഡറുകൾ സ്വീകരിക്കുന്നതാണ്
PH: 9495691753, 6238541419, 8089962539
പ്രൊപ്രൈറ്റർ: സാലു തെക്കേൽ, മാലം

തിരുനാൾ ആശംസകൾ

## DIVINE BATTERY HOUSE
S.N.D.P. BUILDING, VELLAPPAD
MAIN ROAD, PALA
PH: 9496258511, 9544411452
INVERTER / UPS, EXIDE AND LIVGUARD
AUTOMOTIVE BATTERY, TUBULAR BATTERY
NEW ARRIVAL: LITHIUM POWER BANK
EXIDE
Exclusive Dealer



ജൂബിലിത്തിരുനാൾ ആശംസകൾ
Since 2001



## SHE ZONE
DRESS MAKERS
Koluthara Building, New Bazar, PALA
PH: 9495234396, 7034708060
LADIES & KIDS DRESS DESIGNING, STITCHING
Proprietor: Mini Benny

തിരുനാൾ ആശംസകൾ

## Sandhya BAKERS
Municipal Complex Building,
PALA
Mob: 94472 12331
Vadakkel Building
BHARANANGANAM
Mob: 94472 10221
Pulickakkandam Buildings
P.P.Road MURIKKUMPUZHA
Mob: 8281212331 www.sandhyabakers.com

## Sandhya CATERERS
NEAR K.S.R.T.C.
PALA
Mob: 94952 10331
NEAR PVT. BUS STAND
THODUPUZA
PH: 04862 227222
www.sandhyacaterers.com

PROPRIETOR
M.S. PHILIPOSE
SINCE : 1978
ജൂബിലിത്തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ!
PH: 04822 216365
04822 215409
MOB: 9387115585



## MATHA
STONE WORKS
NEAR K.S.R.T.C. BUS STAND, PALA
Email: mathastone@gmail.com
Tomb works and other Stone works

തിരുനാൾ ആശംസകൾ

## നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി. ഒ., പാലാ
Ph: 9495195739
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A., B.Com - (M.G. University)
Regular, Postal & Holiday Classes

**1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം**
എസ്. എസ്. എൽ. സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു. പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു. പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.
കേരള ഗവൺമെന്റ് – PSC അംഗീകൃതം

**+ 2 പരാജിതർക്ക് 3 വിഷയം മാത്രം**
കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.



തിരുനാൾ ആശംസകൾ
SINCE 1954

## ജോൺസൺ ഡ്രൈക്ലീനേഴ്സ്
വിശ്വാസ്യതയുടെ 71 വർഷങ്ങൾ
ഡ്രൈക്ലീനിംഗ് & സാരി പോളീഷിംഗ്
മെയിൻ റോഡ്, പാലാ PH: 04822 - 212353
പഞ്ചായത്ത് ബിൽഡിംഗ്, കൊഴുവനാൽ PH: 9446412753
മാന്താടി ഓപ്പൺ മാർക്കറ്റ്, കിടങ്ങൂർ PH: 9495992753
നിങ്ങളുടെ വസ്ത്രങ്ങൾ ഉത്തരവാദിത്വത്തോടുകൂടി വൃത്തിയായി ഡ്രൈക്ലീൻചെയ്യാൻ സമീപിക്കുക

Deepanalam Weekly
RNI No : 16998/68
Vol. 58 No. 40 Date of Publication 4 December 2025
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org